# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

+973 38383399

HelloHope

GULF EDITION

For private circulation only | Issue No. 21, July 2019 | Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


## Hallelujah! What a Savior!



P.J. James

*Ralph Waldo Emerson* wrote, "The name of Jesus is not so much written as plowed into the history of the world."

There is no one who ever lived like Him.

*Socrates* taught for forty years.

*Plato* taught for fifty years.

*Aristotle* taught for forty years.

And **Jesus,** for only three, yet the ministry of Jesus infinitely transcends the accumulative 130 years of the world's great philosophers.

Jesus painted no pictures.

And yet more pictures have been painted of Him than any person who ever lived.

Jesus wrote no poetry, yet more poems have been written of Him than any person who ever lived.

Jesus composed no music, yet more music has been composed of Him than any person who ever lived. *Raphael, Michelangelo, Da Vinci, Dante, Milton,Handel, Beethoven, Bach, Mendelssohn;* they all focused on Christ.

Every sphere of human art and every sphere of human greatness has been enriched by the humble carpenter of Nazareth.

### Easter!

Today the resurrected Christ lives in the hearts of all those who appropriated 'Good Friday' by faith in the One who died for the sins of mankind and rose again from among the dead to live forever.

**Hallelujah! What a Savior!**



## ദൈവം പ്രസാദിക്കുന്ന ആരാധന



പാസ്റ്റർ പി.എം. ജോയി

സാധാരണയായി നാം സഭയിലേക്കു പോകുന്ന വേളയിൽ ആരെങ്കിലും എവിടെ പോകുന്നു എന്ന് നമ്മോട് ചോദിച്ചാൽ ആരാധനയ്ക്കു പോകുന്നു എന്നതായിരിക്കും നമ്മുടെ മറുപടി. അതു ശരിതന്നെയാണ് നാം സഭയിൽ വന്നു ദൈവത്തെ ആരാധിക്കുന്നു. എന്നാൽ യഥാർത്ഥ ആരാധന അഥവ ദൈവം പ്രസാദിക്കുന്ന ആരാധന അതിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. സഭയുടെ നടപടിക്രമങ്ങൾക്കകത്ത് പൊതിഞ്ഞു ക്രമീകൃതമായി നടക്കുന്ന ആരാധനയേക്കാൾ സഭയ്ക്ക് പുറത്തുള്ള ജീവിതത്തിൽ ഓരോ നിമിഷവും ദൈവത്തിന് മഹത്വം കൊടുത്തുകൊണ്ട് ആയിരിക്കുന്ന അനുഭവമാണ് യഥാർത്ഥ ആരാധന.

വേദപുസ്തകത്തിന്റെ ആദ്യതാളുകളിൽ തന്നെ ദൈവം അംഗീകരിച്ച ആരാധനയും ദൈവം തിരസ്കരിച്ച ആരാധനയും കാണാം. ഹാബേലിലും അവന്റെ യാഗത്തിലും ദൈവം പ്രസാദിച്ചു. കയീനിലും അവന്റെ യാഗത്തിലും ദൈവം പ്രസാദിച്ചില്ല. അവിടുന്നിങ്ങോട്ട് യാഗങ്ങളുടേയും ആരാധനയുടേയും പട്ടിക പരിശോധിച്ചാൽ ദൈവം പ്രസാദിച്ചവയും പ്രസാദിക്കാത്തവയും ഉണ്ട്.

പഴയനിയമത്തിൽ ദൈവം യിസ്രായേൽ ജനത്തെ തന്റെ സ്വന്ത ജനമായി തിരഞ്ഞെടുത്തു. തദനന്തരം ദൈവത്തെ ആരാധിക്കുവാനുള്ള ചട്ടങ്ങളും വിധികളും കൊടുത്തു. ആരാധനയെക്കുറിച്ച് പ്രമാണങ്ങൾ ഒന്നും കൊടുക്കാതെയല്ല ദൈവം ആരാധന ആവശ്യപ്പെട്ടത്. ജനം അതനുസരിക്കുമെന്ന് ദൈവം പ്രതീക്ഷിച്ചു. എന്നാൽ പഴയനിയമത്തിലെ അവസാനപുസ്തകത്തിലേക്കു വരുമ്പോൾ ആരാധനയോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പ്രസ്താവന വളരെ ഗൗരവ്വമുള്ളതാണ്. ദൈവത്തോട് ബഹുമാനവും ഭക്തിയും നഷ്ടപ്പെട്ട ജനത്തോടും പുരോഹിതന്മാരോടും ദൈവം ചോദിക്കുന്നു ഇന്ന് നിങ്ങൾ എന്റെ മുമ്പിൽ അർപ്പിക്കുന്ന ഊനമുള്ള യാഗവസ്തുക്കൾ നിങ്ങളുടെ നാടുവാഴിക്ക് കാഴ്ചവെച്ചാൽ അവൻ അതിൽ പ്രസാദിക്കുമോ? നിങ്ങൾ വെറുതെ എന്റെ മുമ്പിൽ തീ കത്തിക്കാതെ ആലയത്തിന്റെ വാതിൽ ആരെങ്കിലും അടുച്ചുകളഞ്ഞെങ്കിൽ കൊള്ളായിരുന്നു. എന്റെ മുമ്പിൽ ഇങ്ങനെയുള്ള വസ്തുക്കൾ കൊണ്ടുവരരുത് എന്നും ഈവക ആരാധനയിൽ ഞാൻ പ്രസാദിക്കുകയില്ല എന്നും കർശനമായി ദൈവം വളരെ ഹൃദയ വേദനയോടെ പറയുന്നത് നമുക്ക് മലാഖി ഒന്നാം അദ്ധ്യായം ആറുമുതലുള്ള വാക്യങ്ങളിൽ കാണാം.

ഒരേ ആലയത്തിൽ ഒരേ സമയത്ത് ഒരുമിച്ച് ആരാധനയിൽ സംബന്ധിക്കുന്നവർക്കിടയിൽ തന്നെ അന്നത്തെ ആരാധനയെക്കുറിച്ച് ചോദിച്ചാൽ രണ്ട് അഭിപ്രായം ആയിരിക്കും ലഭിക്കുക. ചിലർ ഇന്നത്തെ ആരാധന നന്നായിരുന്നു എന്നും മറ്റു ചിലർ എതിർ അഭിപ്രായവും പ്രകടിപ്പിച്ചേക്കാം. എന്നാൽ ഇഷ്ടമായവരെ കൂടുതൽ ഇഷ്ടപ്പെടുത്തുവാനോ എതിർ അഭിപ്രായക്കാരെ അനുകൂലമാക്കുവാനോ നാം ചിലത് ആരാധനയിൽ കൂട്ടിച്ചേർത്ത് ദൈവത്തിന്റെ കോപം പിന്നേയും നമ്മുടെമേൽ വരുത്തിവെക്കേണ്ടതായിട്ടുണ്ടോ? നാം ആരെയാണ് പ്രസാദിപ്പിക്കേണ്ടത്? നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ആരാധന മാറ്റണ്ടാ എന്നും ദൈവം നൽകിയ പ്രമാണപ്രകാരം മാത്രം മതി ആരാധന എന്നുമാണ് ദൈവം കൽപ്പിക്കുന്നത്. ദൈവകല്പനാനുസൃതമായ ആരാധനയാണ് ദൈവം പ്രസാദിക്കുന്ന ആരാധന. അതിനായി നമ്മെ സമർപ്പിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

*(.....തുടരും)*

# ജനം കേൾക്കാൻ ആഗ്രഹിക്കുന്നത് മാത്രം പ്രസംഗിക്കുന്നവർ...

എഡിറ്റോറിയൽ




**രാജീവ് സ്റ്റുവർട്ട്**
ചീഫ് എഡിറ്റർ


പിശാച് ഒരു ചതിയനാണ്. അവൻ ചെയ്യുന്നതെല്ലാം ചതിവിൽകൂടിയാണ്. എന്നാൽ ഈ അന്ത്യനാളുകളിൽ ആ ചതിവ് കൂടി കൂടി വരുന്നു. പലവിധ ചതിവുകൾ പിശാച് പ്രയോഗിക്കുന്നു എങ്കിലും കൂടുതലും യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നു പറയുന്ന കള്ളപ്രവാചകന്മാരുടെ വായിൽ കൂടി വരുന്ന കള്ള പ്രവചനങ്ങളിലൂടെയാണ്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ പലരും ശ്രദ്ധിക്കും. കാരണം പലരുടേയും ഹൃദയം കേൾക്കാൻ ആഗ്രഹിക്കുന്നത് അതാണ്.

നാം ദൈവഭക്തിയിൽ ജീവിക്കുന്നതിന് ആവശ്യമായ എല്ലാകാര്യങ്ങളും ദൈവം ചെയ്തു. അവന്റെ ദിവ്യസ്വഭാവത്തിൽ നാം പങ്കാളികളാകുവാൻ ആവശ്യമായതെല്ലാം അവൻ ചെയ്തു കഴിഞ്ഞു. ഞാൻ ദൈവത്തിന്റെ സ്വഭാവം നിരസിക്കുകയാണെങ്കിൽ എനിക്ക് ലഭിക്കുന്നത് സാത്താന്റെ സ്വഭാവമായിരിക്കും. ദൈവം നമ്മെ ഈ ലോകത്തിന്റെ കാര്യങ്ങളിൽ നിന്ന് പുറത്തേക്ക് വിളിക്കുകയാണ്. യേശുവിന്റെ രക്തത്തിന്റെ ശക്തിക്ക് നമ്മെ ഹിമംപോലെ വെളുപ്പിക്കാൻ കഴിയുമെന്ന് നമുക്കറിയാം. പക്ഷെ ദൈവം നമ്മെ പലപ്പോഴും പരിശോധിക്കും. കനാനിലേക്ക് കൊണ്ടു പോകാനായി അവൻ നമ്മെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിച്ചു എങ്കിൽ കനാനു മുമ്പായി നമ്മെ തെക്കോട്ടു കൊണ്ടുപോയി നമ്മുടെ ഹൃദയത്തിലെ മരുഭൂമിയുമായി അവൻ ഏറ്റുമുട്ടും. പ്രിയമുള്ളവരെ നിങ്ങൾക്ക് പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ച് അതിശയിച്ചുപോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുംതോറും സന്തോഷിച്ചുകൊൾവിൻ എന്നു പത്രോസ് പറയുന്നു (1 പത്രോസ് 4: 12).

നീതിമാന്റെ ജീവിതത്തിൽ വരുന്ന കഷ്ടതകൾ അവൻ തെറ്റിപോയതുകൊണ്ടല്ല. മേഘം, പരിശുദ്ധാത്മാവ് യേശുക്രിസ്തുവിൽ നിന്ന് അവരെ അകറ്റുന്ന കാര്യങ്ങളുമായുള്ള ഏറ്റുമുട്ടലിനുവേണ്ടി ആ സ്ഥാനത്തേക്കു നയിച്ചതാണ്. മിസ്രയീമിൽ നിന്ന് നാം കൊണ്ടുവന്ന, നമ്മുടെ ഹൃദയങ്ങളിലുള്ള കാര്യങ്ങളുമായി ദൈവത്തിന് ഇടപെടേണ്ടതുണ്ട്. ഒരുപക്ഷെ സ്വർഗ്ഗത്തിന്റെ കവാടത്തിൽ ഒരു ക്രൂശ് ഉണ്ടായിരിക്കാം. ക്രിസ്തുവിന്റേതല്ലാത്തതെല്ലാം അവിടെ ക്രൂശിക്കപ്പെടേണ്ടതുണ്ട്. അതിന് സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല. നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്ക് കേട്ട് അനുസരിക്കുകയും ചെയ്യുന്നവൻ ആർ? തനിക്ക് പ്രകാശമില്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ. ഹാ തീകത്തിച്ച് തീയമ്പുകൾ അരയ്ക്കു കെട്ടുന്നവരേ നിങ്ങൾ എല്ലാവരും നിങ്ങളുടെ തീയുടെ വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരിക്കുന്ന തീയമ്പുകളുടെ ഇടയിലും നടപ്പിൻ. എന്റെ കയ്യാൽ ഇതു നിങ്ങൾക്കു ഭവിക്കും. നിങ്ങൾ വ്യസനത്തോടെ കിടക്കേണ്ടി വരും (യെശയ്യാവ് 50: 10,11).




ചാരിക്കൊള്ളട്ടെ എന്ന വാക്ക് ഉറപ്പ് എന്ന വാക്കിന് തുല്യമാണ്. എബ്രായർ 11: 1 -ൽ വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പ് ആണ് എന്ന് വായിക്കുന്നു. വിശ്വാസത്തിന്റെ ഉറപ്പ് യേശുവാണ്. യേശുക്രിസ്തു വെളിച്ചമാകുന്നു എന്ന് വിശ്വാസം ഊഹിക്കുകയല്ല, അറിയുകയാണ്. വിശ്വാസത്തിൽ മുന്നോട്ട് പോകേണ്ട ഒരു അവസ്ഥയിലേക്ക് ദൈവം നിങ്ങളെ കൊണ്ടുവരുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന് അടിസ്ഥാനമായ എല്ലാ കാര്യങ്ങളും നിങ്ങൾക്ക് ലഭിക്കും. അവൻ നി ങ്ങളെ വചനത്തിന്റെ പാതയിലേക്ക് നയിക്കും. ദൈവത്തിന്റെ വചനം ഒരു നിധിയാണ്. അത് ജ്ഞാനമാണ്. അത് ജീവിതത്തിലെ മുൻഗണനകൽ നിശ്ചയിക്കുന്നു. അത് നമ്മുടെ സ്നേഹബന്ധങ്ങൾ നിശ്ചയിക്കുന്നു. അതെല്ലാറ്റിനേയും അടക്കി ഭരിക്കുന്നു. തിരഞ്ഞെടുക്കുവാൻ പലമാർഗ്ഗങ്ങൾ അതു നൽകുന്നില്ല. ക്രിസ്തുവിന്റെ ക്രൂശ് കൂടാതെ നിങ്ങൾക്ക് ഒരിക്കലും ക്രിസ്തുവിനെ അറിയുന്നതിനോ കാണുന്നതിനോ സാദ്ധ്യമല്ല. എന്നാൽ ക്രൂശ് നീങ്ങിപോകണമെന്ന് നാം പ്രാർത്ഥിക്കാറുണ്ട്. പക്ഷെ ദൈവം അത് നീക്കിയാൽ അതൊരു ദുരന്തമായിരിക്കും.

ആകയാൽ ദൈവവചനം വായിച്ചിട്ട് ദൈവം നൽകുന്ന നിർവ്വചനങ്ങൾ ശ്രദ്ധിക്കുക. പ്രസംഗകർ പറയുന്നത് കേട്ട് അത് അങ്ങനെ തന്നയോ എന്ന് തിരുവചനത്തിൽ ഉറപ്പ് വരുത്തുക. ദൈവം വെറുക്കുന്നതിനെ വെറുക്കുക, ദൈവം സ്നേഹിക്കുന്നതിനെ സ്നേഹിക്കുക. യേശുവിനു പുറമെ മറ്റെന്തെങ്കിലും നമുക്ക് വേണമോ എന്ന് സ്വയം ചോദിക്കുക. കർത്താവിനു പുറമെ മറ്റൊന്നും നമുക്ക് ആവശ്യമില്ല എന്ന് നാം തീരുമാനിക്കുന്നതുവരെ നാം മിസ്രയീമിൽ നിന്ന് പുറപ്പെട്ടു വന്നപ്പോൾ നമുക്കുണ്ടായിരുന്ന മനോഭാവത്തെ അവൻ കൈകാര്യം ചെയ്യും. അതുകൊണ്ട് ദൈവം സംസാരിച്ചുകൊണ്ടേയിരിക്കുന്നു. കാതോർക്കാം നമുക്കാ ശബ്ദത്തെ.


## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Hello Hope Prayer Cell

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.



"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.

-Editor-




# പേരിലെന്തു കാര്യം?



സണ്ണി തോമസ്സ്, പുതുപ്പള്ളി

എല്ലാം അറിയാം പക്ഷേ സ്വന്തം പേരിന്റെ അർത്ഥം ചോദിച്ചാൽ പലർക്കും അറിയില്ല, പല പേരുകൾക്കും കാര്യമായ അർത്ഥമൊന്നുമില്ലതാനും. മാതാപിതാക്കൾ ഇടുന്ന പേരിനേക്കാൾ പൊതുസമൂഹം വിളിക്കുന്ന ഇരട്ടപ്പേരുകൾ കൂടുതൽ അർത്ഥമുള്ളതും പെട്ടന്നു ആളെ തിരിച്ചറിയുവാൻ സഹായിക്കുന്നതുമായി അനുഭവപ്പെടാറുണ്ട്. മാതാപിതാക്കൾ ഇടുന്ന പേരിന്റെ മൂലം അവന്റെ മതം, പാരമ്പര്യം, ലിംഗം, കാലം ഇത്യാദി പരിഗണനകൾ ആണ്. സമൂഹം വിളിക്കുന്ന പേരുകളാകട്ടെ ടിയാന്റെ പ്രധാന സ്വഭാവ ഗുണ വിശേഷങ്ങളോ പ്രവർത്തികളോ ആകാരമോ ഒക്കെ പരിഗണിച്ചുകൊണ്ടായിരിക്കും. മിക്കവാറും എല്ലാ രാജ്യങ്ങളിലും, സമൂഹങ്ങളിലും, സംസ്കാരങ്ങളിലും പ്രായഭേദമെന്യേ കാണുന്ന ഈ പ്രവണത, പള്ളിക്കൂടങ്ങളിലും കലാലയങ്ങളിലും മാത്രമല്ല ആത്മീയലോകത്തും ഉണ്ട്.

ഗിദയോനെ ‘‘യെരുബ്ബാൽ’’ (ബാൽ ഇവൻറെ നേരെ വ്യവഹരിക്കട്ടെ) എന്നു നാട്ടുകാർ മറുപേർ വിളിച്ചതിന്റെ കാരണം ഗിദയോനും ബാലും തമ്മിൽ നടന്നുവന്ന വ്യവഹാരമായിരുന്നു. ‘‘ഉരുക്കു മനുഷ്യൻ’’ എന്നു സർദാർ വല്ലഭായി പട്ടേലും, “കുറുക്കൻ” എന്നു ഹെരോദാവും ഒക്കെ വിശേഷിപ്പിക്കപ്പെട്ടതു അവരുടെ സ്വഭാവ ഗുണം കൊണ്ടായിരുന്നു. എന്നാൽ ചിലപ്പോൾ അതു ഒരുവനെ പെട്ടന്നു തിരിച്ചറിയാവുന്ന ശാരീരിക പ്രത്യേകതകൾ പരിഗണിച്ചായിരിക്കും. ഏലീശയെ ‘‘മൊട്ടത്തലയാ’’ എന്നു വിളിച്ചതിന്റെ കാരണം മറ്റൊന്നായിരിക്കയില്ല.

ആവേശം മൂത്ത ലുസ്ത്രക്കാർ ബർന്നബാസിനു ബുധൻ എന്നും പൗലോസിന് ഇന്ദ്രൻ എന്നും പേരിട്ടു. തോമസ് അപ്പോസ്തലന്റെ കാര്യം ഓർക്കുമ്പോൾ അൽപ്പം സഹതാപം തോന്നാറുണ്ട്. Thomas name was originated from Aramaic t'om'a meaning 'twin'. But Thomas is best known for his skepticism about Christ's resurrection. Many dictionaries cite example of Apostle Thomas to explain the word "doubt." ‘സംശയിക്കുന്ന തോമാ’ (Doubting Thomas) എന്നൊരു പദപ്രയോഗം തന്നെ ഇന്നു നിലവിലുണ്ട്.

ഫറവോൻ യോസേഫിനു ‘സാപ്നത് പനേഹ്’ എന്നു പേരു വിളിച്ചതു അവനെ മിസ്രയീമ്യവൽക്കരിക്കാനുള്ള ശ്രമമായിരുന്നു. നെബൂഖദ്നേസർ രാജാവ് ദാനീയേലിൻറെയും ഹനന്യാവിന്റേയും മീശായേലിൻറെയും അസര്യാവിൻറെയും പേരുകൾ ബേൽത്ത്ശസ്സർ, ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നു മാറ്റിയത് ബാബേൽ ദൈവങ്ങളെ മാനിച്ചായിരുന്നുവെങ്കിൽ, ഹദസ്സയുടെ പേര് എസ്ഥേർ എന്നു മാറ്റി നിശ്ചയിച്ചത് അവളുടെ ജാതിയും കുലവും മറയ്ക്കുവാനായിരുന്നു. യഹൂദനായ ശൌൽ, പൌലൊസ് എന്ന പേരു ഉപയോഗിച്ചത് ഒരു റോമൻ ലുക്കിന് വേണ്ടിയായിരുന്നു എന്നു പറഞ്ഞാൽ തെറ്റില്ല എന്നു കരുതുന്നു, അതു പക്ഷേ മറ്റു ജാതികളുടെ ഇടയിലെ സുവിശേഷവേലയിൽ തന്നെ വളരെ സഹായിച്ചു. എന്നാൽ ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പോസ്തലൻ എന്ന പേരിനു യോഗ്യനല്ല എന്നായിരുന്നു തന്റെ പരിതാപം.

ദൈവം ചിലർക്കു മുൻകൂട്ടി പേരുകൾ നിർദേശിച്ചു – യിശ്മായേൽ, യിസഹാക്ക്, ശലോമോൻ, യോഹന്നാൻ, യേശു – ചിലർക്കു ഇടക്കാലത്തു ദൈവംതന്നെ പേരുകൾ മാറ്റി നിശ്ചയിച്ചതും ദൈവം അവരെക്കൊണ്ടു ചെയ്യുവാനിരുന്ന പദ്ധതികൾക്കനുസാരമായിരുന്നു. അബ്രാം (exalted father) അബ്രഹാം (father of a multitude) ആയതും, സാറായി (my princes) സാറ (mother of nations) ആയതും, യാക്കോബ് (supplanter) ഇസ്രായേൽ (wrestle with God) ആയതും, ശിമയോൻ (son of John) കേഫാ (stone, rock) ആയതും ഒക്കെ ഉദാഹരണങ്ങൾ.

അറിഞ്ഞോ അറിയാതെയോ ചിലർ ജീവിതംകൊണ്ടു മാതാപിതാക്കൾ നൽകിയ പേരിനോടു കൂറുപുലർത്തുന്നു. യാക്കൊബിനെക്കുറിച്ചു അവന്റെ സ്വന്ത സഹോദരൻറെ സാക്ഷ്യം കേൾക്കൂ: ‘‘ശരി, യാക്കോബ് എന്നല്ലോ അവന്റെ പേർ, രണ്ടു പ്രാവശ്യം അവൻ എന്നെ ചതിച്ചു. Ins't he rightly named "Jacob" for he has cheated me two times." അബീഗയിൽ സ്വന്ത ഭർത്താവിനെക്കുറിച്ചു ദാവീദിനോടു: ദുസ്വഭാവിയായ ഈ നാബാലിനെ യജമാനൻ ഗണ്യമാക്കരുതെ; അവൻ തന്റെ പേർ പോലെ തന്നെ ആകുന്നു. നാബാൽ എന്നല്ലോ അവന്റെ പേർ; ഭോഷത്വം അത്രേ അവന്റെ പക്കൽ ഉള്ളതു. ’Please pay no attention to that ၀icked man "Nabal", he is just like his name - his name means fool and folly goes with him." സർദീസിലെ സഭയുടെ കാര്യം വിപരീതമാണ് പേര് “ജീവനുള്ളവൻ” പക്ഷേ “മരിച്ചവൻ’’, ബർയേശു എന്നു പേരുള്ള കള്ളപ്രവാചകനും ഉണ്ടായിരുന്നു. മഹേർ–ശാലാൽ ഹാശ്–ബസ് (Maher-Shalal-Hash_Baz) വേദവിദ്യാർത്ഥികളുടെ പ്രിയപ്പെട്ടവനായി മാറിയതു പേരിന്റെ അർത്ഥംകൊണ്ടോ യെശയ്യാ പ്രവാചകന്റെ മകനായതുകൊണ്ടോ അല്ല, പേരിന്റെ നീളക്കൂടുതൽകൊണ്ടു മാത്രം.

ചിലർ അവർക്കു ജന്മാനാ ലഭിച്ച പേര് ജീവിതത്തിലൂടെ സ്വയം മാറ്റിക്കുറിക്കുന്നു. യബ്ബേസിന്നു അവൻറെ അമ്മ ഇട്ട വ്യസനപുത്രൻ എന്ന പേര് ഒട്ടും ഇഷ്ടപ്പെട്ടില്ല. അവൻ ദൈവത്തൊടു പ്രാർഥിച്ചു: “നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ചു നിൻറെ കൈ എന്നോടുകൂടെ ഇരുന്നു അനർത്ഥം എനിക്കു വ്യസന കാരണമായിത്തീരാതവണ്ണം എന്നെ കാക്കണം.’’ അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നൽകി. “വ്യസനപുത്രൻ” ഒരു “മാന്യൻ” ആയി ജീവിച്ചു. നവോമി തന്നെത്തന്നെ “മാറ” എന്നു പരിചയപ്പെടുത്തിയത് അവൾ കടന്നുപോകേണ്ടിവന്ന കൈപ്പേറിയ ജീവിതാനുഭവങ്ങളുടെ ഫലമായിട്ടായിരുന്നു.

രൂഫസിന്റെ പേര് കർത്താവിൽ പ്രസിദ്ധമാകുവാൻ ക്രൂശു ചുമന്ന അവൻറെ അപ്പൻ കുറേനക്കാരനായ ശിമോനും, സ്വന്തം മക്കൾക്കു മാത്രമല്ല മറ്റുള്ളവർക്കും അമ്മയായിത്തീർന്ന അവന്റെ അമ്മയ്ക്കും ഉള്ള പങ്കു വലുതാണ്. എന്നാൽ ജീവിതംകൊണ്ട് നല്ല പേര് സമ്പാദിച്ച ഇയ്യോബിന്റെ പേര് കളങ്കപ്പെടുത്തുവാൻ സാത്താൻ ചെയ്തതുപോലുള്ള ഉപായങ്ങൾ ഇന്നു ചിലർ കോപ്പിയടിക്കുന്നു.

മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിൽ ഉത്സാഹം കാട്ടിയ സൈപ്രെസസുകാരനായ യോസേഫിനെ അപ്പോസ്തോലന്മാർ പ്രബോധനപുത്രൻ എന്നർത്ഥമുള്ള “ബർന്നബാസ്” എന്നു മറുപേർ വിളിച്ചു. പുതുപ്പള്ളിയിലെ ബർന്നബാസ് എന്നു അയൽ സഭകളിൽ അറിയപ്പെട്ടിരുന്ന എൻറെ വല്യപ്പച്ചന്റെ പ്രബോധനങ്ങൾ മനുഷ്യമനസ്സുകളെ അലിയിപ്പിക്കുന്നതും കണ്ണുകളെ ഈറനണിയിപ്പിക്കുന്നതും കേൾവിക്കാരെ ധൈര്യപ്പെടുത്തുന്നതുമായിരുന്നു. അബ്രഹാം ‘‘ദൈവത്തിൻറെ സ്നേഹിതൻ’’ എന്നു പേര് പ്രാപിച്ചത് ദൈവത്തെ വിശ്വസിക്കുകയും അതു അവനു നീതിയായി കണക്കിടുകയും ചെയ്തതുകൊണ്ടായിരുന്നു. ക്രിസ്തുവിനെ പിൻപറ്റിയവർ ക്രിസ്ത്യാനികൾ എന്നു അറിയപ്പെട്ടു.

അനവധി സമ്പത്തിലും സൽകീർത്തി നല്ലത്. A good name is to be chosen rather than great riches. A good name is not how sweet it sound to the ears but the person it represents and his/her legacy. The best way to gain a good name (good reputation) is just to begin doing the right thing. It is that simple but the hard part is that this takes time and doesn’t happen overnight. It cannot be bought with money but it has to be earned moment by moment, day by day, decision by decision.

അൽപ്പം അതിശയോക്തി യാണെങ്കിലും ആരോ ഒരു ചിന്തകൻ പറഞ്ഞതു ചിന്തനീയമാണ്: “നാം ഒരു ധനവാനാകുവാൻ ഇട്ട അത്രയും പരിശ്രമം ഒരു നല്ല പേര് സമ്പാദിക്കുവാൻ വേണ്ടി ഇട്ടിരുന്നുവെങ്കിൽ നാം ഇന്നു യേശു ആയിരുന്നേനെ; നാം ഒരു നല്ല പേര് സമ്പാദിക്കുവാൻ ഇട്ട അത്രയും പരിശ്രമം ഒരു ധനവാകുവാൻ ഇട്ടിരുന്നുവെങ്കിൽ നാം ഇന്നു ഭിക്ഷ യാചിക്കേണ്ടിവരുമായിരുന്നു.” If we put the kind of effort we do to make money into gaining a good name, we would probably have the reputation of Jesus now. If we only put the little effort we do to gain a good name into making money, we would probably be on the streets begging.

സഭാപ്രസംഗി പറയുന്നു “നല്ല പേർ സുഗന്ധതൈലത്തെക്കാളും ഉത്തമം."A good name is more valuable than precious perfume because it smells all around twenty-four/seven, even beyond the grave. It provides more value in the present and the future.

ചത്ത ഈച്ച തൈലക്കാരൻറെ തൈലം നാറുമാറാക്കുന്നു. One dead fly, one oversight, one thoughtless word or look, one sin spoils the long-earned good name for ever, and it is almost impossible to reclaim attachment-free. Beware it takes only five minutes to ruin the achievement of a life time! A good name is valid only until the moment before its ruin. അപ്പോൾ ഈ പേരിലുമുണ്ട് “കാര്യം” കേട്ടോ.




# ആത്മാവിലെ എരിവും പരിജ്ഞാനത്തിന്റെ പരിമളവും – അപ്പൊല്ലോസ്



ഡോ. ജോർജ് മാത്യു

അപ്പൊല്ലോസിന്റെ ഏറ്റവും മതിപ്പുളവാക്കുന്ന ഗുണങ്ങളിലൊന്നായി നാം കാണുന്നത് അദ്ദേഹത്തിന്റെ പരിജ്ഞാനവും അനുസരണത്തിലൂന്നിയ സമർപ്പണമനോഭാവവുമാണ്. അകിലാസിന്റേയും പ്രിസ്കില്ലയിലൂടെയും കൂടെയിരുന്നു തിരുവചന സത്യങ്ങൾ ആഴമായി പഠിക്കുകയും തനിക്കു ഗ്രാഹ്യമല്ലാതിരുന്ന വിഷയങ്ങൾ സാവധാനതയോടെ ഗ്രഹിച്ചുറയ്ക്കുകയും ചെയ്തു. അവരുടെ അറിവോടെ അഖായിലേക്കു പോകുകയും അവിടെ ശക്തമായി സുവിശേഷവേല ചെയ്യുകയും യേശു തന്നെ ക്രിസ്തുവെന്നു അഖണ്ഡിതമായി തെളിയിക്കുകയും കർത്താവിന്റെ രക്ഷണ്യ പ്രവർത്തി ഉത്സാഹത്തോടു പ്രസ്താവിച്ചു യെഹൂദന്മാരെ ക്രിസ്തുവിലേക്കു ആകർഷിക്കുകയും ചെയ്തുവെന്നത് ശ്ലാഘനീയമാണ്. എഫേസോസ് സഭയിലുള്ള സഹോദരന്മാർ തന്നെ പ്രോത്സാഹിപ്പിക്കുകയും ശുശ്രുഷയിൽ വളരുവാൻ സഹായിക്കുകയും ചെയ്തതായി നമുക്ക് അനുമാനിക്കാം.

ഇവിടെ അപ്പൊല്ലോസിന്റെ ശുശ്രുഷയിലുള്ള വളർച്ചക്ക് നിദാനമായതു അകിലാസും പ്രിസ്ക്കില്ലയും എഫോസോസിലുള്ള ചില സഹോദരങ്ങളുമാണ് (അപ്പൊ.പ്രവ.18: 27). പരിജ്ഞാനിയും വാഗ്‌വൈഭവും ആത്മാവിൽ എരിവുമുള്ള ഒരു നല്ല ഭടനെ പ്രോത്സാഹിപ്പിച്ചു വളർത്തിയെടുക്കുവാൻ അവർ കാണിച്ച ഉത്സാഹവും ദൈവസ്നേഹവും സ്തുത്യർഹമാണ്. ഇന്ന് പലയിടത്തും ഇല്ലാതായിരിക്കുന്നതും അതാണ്. ആത്മാവിൽ എരിവുള്ള, യഥാർത്ഥ താലന്തുകളുള്ള സഹോദരങ്ങളെ കണ്ടെത്തി കർത്താവിന്റെ വേലക്കു വേണ്ടി അവരെ ഉത്സാഹിപ്പിച്ചു അവസരങ്ങൾ നൽകി വളർത്തിയെടുക്കേണ്ട കടമ എല്ലാ വിശ്വാസികൾക്കും നേതൃത്വത്തിനും ഉണ്ടെന്നുള്ള കാര്യം നാം വിസ്മരിച്ചു കളയാതിരിക്കുക.

ആത്മാവിലുള്ള നിറവിനെയും വരങ്ങളെയും കൃപകളെയും കുറിച്ച് എഫെസൊസിലുള്ള വിശ്വാസികൾ അജ്ഞരാണെന്ന് മനസ്സിലാക്കിയ പൗലോസ് ഏകദേശം രണ്ടു വർഷത്തോളം അവിടെ താമസിച്ചു. വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയും മേല്പറഞ്ഞ വിഷയങ്ങളിൽ അവരെ ഉറപ്പിക്കുകയും ചെയ്തു. അകിലാസിൽ നിന്നും പ്രിസ്കില്ലയിൽ നിന്നും ലഭിച്ച സുവിശേഷ സത്യങ്ങൾ എഫോസോസിൽ പഠിപ്പിക്കുന്നതിനു മുൻപായി തന്നെ അപ്പല്ലോസ് അഖായിലേക്കു പോകുകയും അവിടെ തന്റെ വേല ചെയുകയും ചെയ്തു (അപ്പൊ. പ്രവ. 16: 12). ഇതു മനസ്സിലാക്കിയിട്ടാണ് പൗലോസ് തന്റെ ശുശ്രുക്ഷ എഫോസിൽ ചെയ്തതും, വിശ്വാസികളെ കർത്താവിൽ ഉറപ്പിച്ചതും. ഈ അപ്പൊല്ലോസ് പിന്നീട് പൗലോസിനെ കാണുകയും തങ്ങളുടെ ക്രിസ്തുവിലുള്ള ബന്ധം സുദൃഢമാക്കുകയും ചെയ്തു എന്നും അനുമാനിക്കുവാൻ ചില വാക്യങ്ങൾ നമ്മെ സഹായിക്കും.

പൗലോസും അപ്പൊല്ലോസും തമ്മിൽ ആഴമായ ക്രിസ്തീയ ഐക്യം ഉണ്ടായിരിക്കുവാനും ആത്മാവിലുള്ള സ്നേഹം ഉണ്ടാകുവാനും ഏറെ കാരണങ്ങൾ ഉണ്ട്. അപ്പല്ലോസിന്റെ എരിവും, പരിജ്ഞാനവും, വാഗ്‌വൈഭവവും, ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വ്യാപ്തിക്കു ഉതകുന്നതാകുവാൻ വേണ്ടി പൗലോസ് ആഗ്രഹിച്ചിരുന്നുവെന്നും അതിനായി അപ്പൊല്ലോസിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതായി വചനത്തിൽ കാണുന്നു. അവരുടെ പഠനത്തിന്റെയും കൂട്ടായ്മയുടെയും ചർച്ചകളുടെയും ഫലമായിരിക്കും പൗലോസ് അപ്പോസ്തലൻ കൊരിന്തു സഭക്ക് എഡി 57 -ൽ ഒന്നാം ലേഖനം എഴുതിയതും, കൊടുത്തയച്ചതും.

അപ്പോല്ലോസിന്റെ ശുശ്രുക്ഷ വളരെ ഫലവത്തായും, സുഗമമായും നടക്കേണ്ട ഒന്നായിരുന്നു. എന്നാൽ തന്റെ സമ്മതമോ, താല്പര്യമോ ഒന്നും കൂടാതെ തന്നെ തന്റെ പേരിൽ ഒരു വിഭാഗീയ ചിന്താഗതി കൊരിന്തിൽ ഉടലെടുക്കുന്നതു താൻ വേദനയോടെ നോക്കികാണുകയാണ്. ഞാൻ പൗലോസിന്റെ പക്ഷം, ഞാൻ അപ്പോല്ലോസിന്റെ പക്ഷം, ഞാൻ കേഫാവിന്റെ പക്ഷം, ഞാൻ ക്രിസ്തുവിന്റെ പക്ഷം, എന്നും പ്രസ്താവിച്ചുകൊണ്ടു ഒരു കോളിളക്കം അവിടെ ഉടലെടുത്തു. ക്രിസ്തു വിഭജിക്കപ്പെടുന്നുവോ എന്ന് പൗലോസ് ആശങ്കപ്പെടുകയും അതി ശക്തമായി ഇടപെടുകയും എല്ലാ പക്ഷക്കാരെയും ശകാരിക്കുകയും (1 കൊരിന്ത്യർ 1: 12,13), ക്രിസ്തുവിന്റെ സുവിശേഷം അർത്ഥശങ്കക്കിടമില്ലാത്തവിധം അഖണ്ഡിതമായി പഠിപ്പിച്ചുറപ്പിക്കുകയും, വളരുമാറാക്കുകയും വലുതാക്കുകയും ചെയ്യുന്ന ദൈവത്തിന് സർവ്വ മഹത്വവും കരേറ്റുകയും ചെയ്തു. 1 കൊരി 3: 9 പൗലോസ് അത് വ്യക്തമാക്കുകയും തർജ്ജനം ചെയ്യുകയും ചെയ്യുന്നതായി നമുക്ക് കാണുവാൻ കഴിയും. ഞാൻ നട്ടു, ഞാൻ വളർത്തി എന്ന് പറഞ്ഞു ആരും പ്രശംസിക്കുകയും പുകഴുകയും വേണ്ട, സഭ ദൈവത്തിന്റേതാണ്. വളർത്തുന്നതും, പുലർത്തുന്നതും ദൈവമാണ്. ഈ എഫേസോസ്സ് ചിന്താഗതിയുള്ള അനവധി സഭകളെ നമ്മുടെ ചുറ്റും നമുക്ക് കാണുവാൻ കഴിയും. എന്നാൽ നട്ടവനും നനച്ചവനുമല്ല, വളരുമാറാക്കിയ ദൈവമാണ് സഭയുടെ തലവനെന്നു മനസ്സിലാക്കിയാൽ മാത്രമേ എന്റെ സ്വന്തം എന്ന് പറഞ്ഞു ആരും പുകഴാതിരിക്കുകയുള്ളു.

പൗലോസ് അപോസ്തോലൻ അപ്പൊല്ലോസിനെ സ്നേഹിക്കുന്നതിനാലും, ഈ വിഭാഗീയ ചിന്താഗതിയിൽ അപ്പല്ലോസിനു ഒരു പങ്കുമില്ലെന്നും അറിഞ്ഞിട്ട് യേശുക്രിസ്തുവിന്റെ കർതൃത്വം അടിയുറപ്പിച്ചു വ്യക്തമാക്കുകയും, വിഭജന വാദികളുടെ നാവുകളേയും പ്രവർത്തികളേയും നിഷ്ഫലമാക്കി സഭയിൽ ഏകീകരണം കൊണ്ടുവരുവാൻ പരിശ്രമിക്കുകയും ചെയ്തു. ഒരു വിഭാഗീയ താല്പര്യവും ഇല്ലാതിരുന്ന അപ്പൊല്ലോസ് ഈ പക്ഷങ്ങളിലൊന്നും പെടാതെ, തനിക്കു ദൈവം കൊടുത്ത കൃപയ്കൊത്തവണ്ണം ശുശ്രുഷയിൽ വർധിച്ചു വരുവാൻ ആ സഹചര്യങ്ങളിൽ നിന്ന് പൂർണമായി മാറി നിൽക്കുകയും ചെയ്തതായി ലഭിച്ചിരിക്കുന്ന വേദ ഭാഗങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ക്രിസ്തുവിനെ വിഭജിച്ച് ഒരു പുതിയ സഭയുടെ മേലാളനാവാൻ ഒരുങ്ങാതെ കർത്താവിനുവേണ്ടി ആത്മാക്കളെ നേടുവാനുള്ള സ്വർഗ്ഗീയ ദൗത്യം അപ്പല്ലോസ് ഏറ്റെടുക്കുകയും അത് തനിക്ക് ലഭിച്ച ദൈവകൃപയുടെ നല്ല ഗൃഹവിചാകരകനായി വിനിയോഗിക്കുകയും ചെയ്തു എന്നുള്ളത് ശ്ലാഘനീയവും ശ്രേഷ്ടവുമായ പ്രവർത്തിയാകുന്നു.

## PROMISE & COMMAND OF THE MONTH

### PROMISE

*1 കൊരിന്ത്യർ 13:10*

*പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും.*

### COMMAND

*ലേവ്യപുസ്തകം 20: 8*

*എന്റെ ചട്ടങ്ങൾ പ്രമാണിച്ചു ആചരിപ്പിൻ; ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.*



Sheba C Salaji






# ആത്മരക്ഷയോ ആദായസൂത്രമോ?



ചാൾസ് പി. ജേക്കബ്

മനുഷ്യന്റെ ഏറ്റവും വലിയ പ്രത്യേകത ചിന്തിക്കുവാനും മനസിലാക്കുവാനും തന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാനുമുള്ള കഴിവാണ്. മുമ്പിൽ വരുന്ന ജീവിത സാഹചര്യങ്ങളെ ശരിയായ രീതിയിൽ അവലോകനം ചെയ്ത് തീരുമാനങ്ങൾ എടുക്കുവാൻ നമ്മുക്കു കഴിയും. അതുപോലെ തന്നെ നമുക്കു ലഭിക്കുന്ന വ്യക്തി ബന്ധങ്ങളും സൗഹൃദങ്ങളും അനുകൂലമായോ പ്രതികൂലമായോ സ്വീകരിക്കാനാവും. ചിലർ സുഹൃദ്ബന്ധങ്ങളെ മാന്യമായി ഉൾകൊള്ളുമ്പോൾ മറ്റു ചിലർ അതിനെ സ്വാർത്ഥ താൽപര്യങ്ങൾക്കായി വിനിയോഗിക്കാറുണ്ട് . ഇതുപോലെ തന്നെയാണ് നാമും യേശുവും തമ്മിലുള്ള ബന്ധം. യേശുവിനെ രക്ഷിതാവും കർത്താവുമായി അനേകർ സ്വീകരിക്കുമ്പോൾ തന്നെ തങ്ങളുടെ നേട്ടത്തിനും സാമ്പത്തിക ലാഭങ്ങൾക്കുമായി ഉപയോഗിക്കുന്നവരും ധാരാളമായി ഉണ്ട്. ഈ കാലഘട്ടത്തിൽ നമ്മോടു തന്നെ ഉന്നയിക്കേണ്ട ചോദ്യമാണ് ക്രിസ്തുവിനെ നാം സ്വീകരിച്ചിരിക്കുന്നത് നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾക്കും കാര്യസാധ്യത്തിനുമാണോ അതോ നിത്യ നാശത്തിൽ നിന്ന് നമ്മെ വീണ്ടെടുത്ത രക്ഷകനായിട്ടോ? നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനുള്ള സ്വാധീനം എങ്ങനെയാണ്?

മത്തായി സുവിശേഷം 26-ാം അദ്ധ്യായത്തിൽ രണ്ടു വ്യക്തികളെ കാണുവാൻ സാധിക്കും. ഈ രണ്ടു വ്യക്തികളും യേശുവിനെ ഉൾക്കൊണ്ടത് രണ്ടു തരത്തിലാണ്. ഒന്നാമത്തെ വ്യക്തി മറിയയും രണ്ടാമത്തേത് യേശുവിന്റെ ശിഷ്യനായിരുന്ന യൂദായുമാണ്. യേശു ബേഥാന്യയിലെ ശിമോന്റെ ഭവനത്തിലിരിക്കുമ്പോൾ മറിയ തന്റെ സമ്പാദ്യങ്ങളെ ചിലവഴിച്ചു വിലയേറിയ സ്വച്ഛജടമാംസിതൈലം യേശുവിന്റെ കാൽക്കൽ ഒഴിക്കുന്നു. ഈ തൈലത്തിന്റെ വില മുന്നൂറിലധികം വെള്ളികാശായിരുന്നു എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അത് അക്കാലത്ത് ഒരു സംവത്സരത്തെ അധ്വാനത്തിന് പ്രതിഫലമായി ലഭിക്കുന്ന തുകക്ക് തുല്യമാണ്. അവിടെ കൂടിയിരുന്നവർ മറിയ ചെയ്തത് ‘വെറും ചിലവ് എന്ന് വിശേഷിപ്പിക്കുമ്പോളും അവൾ വിലയേറിയ തൈലം യേശുവിന്റെ കാൽക്കൽ ഒഴിച്ചത് തന്റെ ആത്മരക്ഷകനോടുള്ള സമർപ്പണമായിരുന്നു . തന്റെ സമ്പാദ്യത്തെക്കാൾ വലുതാണ് യേശുവിനോടുള്ള തന്റെ സ്നേഹം എന്ന് മറിയ തന്റെ പ്രവൃത്തിയിലൂടെ തെളിയിച്ചു. ആ ഭക്തിനിർഭരമായ സ്നേഹത്തിൽ തന്റെ സമ്പാദ്യം ചിലവഴിച്ചാൽ നാളെ എന്തായിതീരും എന്ന ആകുലതയോ തന്റെ ചുറ്റുമുള്ളവരുടെ കുറ്റപ്പെടുത്തുന്ന വാക്കുകളോ അവൾ വലുതായി കണ്ടില്ല. യേശുവിനെ തന്റെ സാഹചര്യങ്ങൾക്കതീതമായി അവൾ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തു. അത് ഏറ്റവും ശ്രേഷ്ഠകരമായ ഒന്നായി യേശു സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

എന്നാൽ രണ്ടാമത്തെ വ്യക്തിയായ യൂദായുടെ യേശുവിനോടുള്ള സമീപനം വ്യത്യസ്തമായിരുന്നു. മറിയ തനിക്കുള്ള സമ്പാദ്യത്തെ വലുതായി കാണാതെ യേശുവിനെ സ്നേഹിച്ചപ്പോൾ യൂദാ യേശുവിനെ വിറ്റ് തന്റെ സമ്പാദ്യം വർധിപ്പിക്കാനാണ് ശ്രമിച്ചത്. യേശുവിനെ കാണിച്ചു കൊടുക്കുവാൻ മഹാപുരോഹിതന്മാരിൽ നിന്നും പണം വാങ്ങിയ യൂദാ പ്രതിനിധികരിക്കുന്നത് സ്വാർത്ഥ താല്പര്യങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കുമായി ക്രിസ്തുവിന്റെ നാമത്തെ ദുരുപയോഗം ചെയുന്നവരെയാണ്. മറിയ യേശുവിന്റെ കാൽക്കൽ തൈലം ഒഴിക്കുന്നത് നിരുത്സാഹപ്പെടുത്താൻ ശ്രമിച്ച യൂദായെ യോഹന്നാൻ 12:5 ൽ കാണുവാൻ സാധിക്കും. അതിനു താൻ പറഞ്ഞ ന്യായം തൈലം വിട്ടു കിട്ടുന്ന പണം ദരിദ്രർക്ക് കൊടുക്കാം എന്നതാണ്. പക്ഷെ യൂദക്ക് ദരിദ്രന്മാരെ കുറിച്ച് ചിന്ത ഉണ്ടായിട്ടല്ല , അവൻ കള്ളനാകകൊണ്ടും പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടതു എടുത്തു വന്നതുകൊണ്ടും ആകുന്നു എന്ന് തിരുവചനത്തിൽ കാണുന്നു. പണസഞ്ചിയിൽ ഉണ്ടായിരുന്ന പണം യേശുവിന്റെയോ മറ്റു ശിഷ്യന്മാരുടെയോ അറിവ് കൂടാതെ യൂദാ ഉപയോഗിച്ചിരുന്നു എന്നതിന് തെളിവാണ് കള്ളൻ എന്ന് യൂദായെ അഭിസംബോധന ചെയ്തിരിക്കുന്നത്. തൈലം വിട്ടു കിട്ടുന്ന പണം കൂടി തന്റെ പക്കൽ എത്തിയാൽ അതും തന്റെ ആവശ്യക്കായി ഉപയോഗിക്കാം എന്ന ചിന്ത അയയ്ക്കാം യൂദായുടെ മനസ്സിൽ ഉണ്ടായിരുന്നത്. ദരിദ്രന്മാരുടെ പേരുപറഞ്ഞു പണസഞ്ചി നിറക്കുന്ന അഭിനവ യൂദമാരെ നാം തിരിച്ചറിയണം. തന്റെ സ്വഭാവത്തിൽ അലിഞ്ഞു ചേർന്ന ഈ ദ്രവ്യാഗ്രഹം തന്നെ കൊണ്ട് എത്തിച്ചത് യേശുവിനെ പോലും വിൽക്കുന്ന അവസ്ഥയിലാണ്.

യൂദായും മറിയയും ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന വ്യക്തിത്വങ്ങളാണ്. മറിയയെക്കാൾ കൂടുതൽ യേശുവിനൊപ്പം സഞ്ചരിച്ചതും ഉപദേശങ്ങൾ കേട്ടതും യൂദയാണെന്നു നിസ്സംശയം ഗ്രഹിക്കാം. മറ്റെല്ലാത്തിനേക്കാളും ഉപരിയായി യേശുവിനെ സ്നേഹിച്ച മറിയയും കേവലം മുപ്പതു വെള്ളിക്കാശിനു വേണ്ടി തന്റെ ആത്മരക്ഷകനെ ഒറ്റുകൊടുത്ത യൂദായും നൽകുന്ന സന്ദേശത്തിന്റെ വ്യാപ്തി വളരെ വലുതാണ്. സ്വാർത്ഥ താൽപര്യങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കും ക്രിസ്തുവുമായുള്ള ബന്ധം ഉപയോഗിക്കാതെ നമ്മുടെ പാപങ്ങൾക്കായി കാൽവരിയിൽ യാഗമായി തീർന്ന യേശുവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാം .




ഇട്ടൂപ്പിന്റെ ചിന്തകൾ

*എൻ കാന്തൻ യേശുവേ*
*എൻ പ്രിയൻ യേശുവേ*
*നിൻ മാർവ്വിലെന്നും ചാരിടും ഞാൻ*
*നാൾതോറും എൻ പ്രിയനെ*

*എൻ പ്രിയനെ എൻ പ്രിയനെ നീ എന്നു വന്നീടും...(2)*

*ആഴമായ് വർണ്ണിക്കുവാൻ*
*നാവിൽ വാക്കുകളില്ല*
*നിൻ സ്നേഹ ഹസ്തം നീട്ടിയെന്നെ*
*നിൻ മാർവ്വോടണച്ചീടണേ...*

*എൻ പ്രിയനെ എൻ പ്രിയനെ നീ എന്നു വന്നീടും...(2)*

*നിൻ കരസ്പർശത്താലെന്നെ*
*സൗഖ്യമാക്കീടണമെ*
*മോദാൽ നിൻ കൂടെന്നും വാഴാൻ*
*എന്നെ ശുദ്ധനാക്കീടണെ...*

*എൻ പ്രിയനെ എൻ പ്രിയനെ നീ എന്നു വന്നീടും...(2)*



റോബിൻ ജി.

# Suffering, A Season of Revelations

PART 1



Evg. Binson, Dehradun

Human life is filled with joy and sufferings. Suffering has been the experience of all people in all places at all times. From the beginning of the human history suffering is an inevitable companion. Christians are not exempted from this special phenomenon. In this world we face many different situations such as sickness, struggles, and loneliness and so on. But Christian suffering has a specialty apart from the worldly suffering. We have God in our sufferings. We might have numerous questions in our heart. We will become disappointed. God does not listen to me. God has wronged me. God has blocked my way and darkened my path. God breaks me down in every way. God has not given me justice. These are some of the words possibly we may say in the midst of suffering. In suffering, what the scripture teaches us? Is this our attitude towards God? The book of Job chap. 19:25-27.

The people of Israel treasured stories about righteous people. One of these was called Job. (Eze. 14:14, 20) In the book of Job, the story of Job is used as a starting point for a discussion of the suffering of righteous people. According to the book, Job lived in the land of Uz which was probably Edom. He was a very rich farmer with herds and lands of his own. He was happily married and had a large family for whom he cared deeply. Suddenly he faced the loss of his wealth, his children and most of his servants. He himself contracted a serious disease. The whole discussion of suffering is presented as debate between Job and his friends and towards the end of the book as a debate between Job and God.

Chapter 19 occurs in the heart of the back and forth conversation between Job and his friends. Here Job details ways in which God's actions have hurt him. A plea for understanding from his friends soon gives way to the realization that, like God, Job's friends stand as his persecutors. Job's friends failed to offer him comfort, he so desperately needed. Instead of ministering to Job in love they lectured him. Even though Job felt as if God had turned on him, that God had abandoned him. Job still hoped. This hope that defies all hopeless appearances testifies to the power of the spirit of God to sustain us. At a point when Job's faith should have been stripped away, he expresses the foremost conviction, which exhibits the persuasion before God he has of what is in store for those who serve God.

Friends, we may pass through different seasons and in those situations one might be a the beautiful fact is that in every suffering we will have something to learn or we will receive something special from the Lord. In fact that is our revelation.

*When faced with personal suffering Job struggled with the basic questions that are common to all men, why and why me?*

*What purpose is there in all this misery"?*

*Has there ever been as answer to the question "why me"?*

Job was allowed to go through suffering. But what was Job's response, did he reject God! Or did he keep his faith. If he kept his faith then, on what foundation? On what hope! The question is being answered in the 25th verse.

The revelation of the redeemer will be the reference point to which Job returns when pain and presence become intolerable.

## *1. The revelation of redeemer (Vs.25)*

Job knew that his redeemer is alive. He asserted it even In the midst of pain. The Hebrew word is Go'elfor the redeemer. Frequently in the Bible, the go'elreferred to a kinsman, sometime next of kin, who intervened in a situation to preserve some family rights. This might be avenging the death of a murdered family member, calling to redeem some person or some property. It might as in the case of the story of Ruth involves marrying a widow to give her deceased husband an heir.

The word go'el is also used of the covenant people to refer to Yahweh, their covenant God. In the early days when God made Himself known to Moses and commissioned him to negotiate with Pharaoh for the release of the Israelite slave from Egypt he told to Moses in Exodus 6:6. The Lord who redeems his people from burden of their slavery is their kinsman-Redeemer.

Who was Job's kinsman redeemer? If Job did want to make this identification, he would have another term that would have clearly meant an intermediary between God and man, for he has already used many. Angel or Holy One (5) umpire or arbiter (9: 33-34) witness (16:19), friend (16:10). Since his brothers and kinsman have forsaken him and his comforters have failed him, the redeemer he has in mind must be someone else. The choice of this term for Job is an intentional to the special title for God.

Job claimed a personal relationship with God. He knew that God is his redeemer. A person needs to be in a personal relationship with the Lord Jesus Christ. He must not merely be regarded as the Savior of the entire world, but be invited into one's life and receive as one's personal Savior.

Job used the adjective Alive; living with redeemer adds great weight to this identification of God as the kinsman-redeemer. This adjective living is standing as bold relief against Job's fear of dying. Job is saying that his redeemer is alive, able to come to his aids. Even should he die, his redeemer will survive him and able to restore his honor.

Job asserts his redeemer will stand on the dust. Job is thus saying that his kinsman will fulfill his responsibility as redeemer by giving the vital testimony is Job's defense. The phrase "in the end "often signals things that will take place at the end of the age. Job is not thinking of that distant future, but of a day when God will vindicate him and bring his case to a close. God will restore Job's honor before he dies. God will appear at the ash heap on which Job sits. Dust and ashes symbolize the depth of Job's sorrow. He will take his hand and raise him from there.

Job is expressing genuine faith; he makes an unconditional affirmation about commitment to him against circumstantial evidence to the contrary. Only by pure faith a person can believe in God's justice amidst suffering, Job had this assurance within his heart, out of sorrow God will restore his honor.

Our redeemer is alive He is not a lifeless and powerless idol.. He can change the situations. In our trouble times our friends may forsake us. Our relatives may not listen to us. Even wife may tell it is better to die. Don't be sorrowful and hopeless. Our redeemer is alive. He knows you. He can understand the language of your tears.

Yes, friends, suffering will give a revelation of redeemer. Apostle John was persecuted by the political powers of his time. He was undergoing a tough season. He was deported to the island of Patmos. He was all alone in the island. But the season of his suffering produced amazing revelations. He had the revelation of the living Lord. John had the revelation of living redeemer in the island of Patmos. He saw the victorious redeemer. He is alive and able to come down to the place where you are, even if it is in the loneliness of Patmos. What a glorious revelation it was, it was in the midst of suffering.


Prayerful wishes for a blessed married life to
Abison
& Ruth
(Sharon Fellowship Church, Bahrain)
Best compliments from the family of
Hello Hope ഹലോ ഹോപ്പ്



Pr. Georgy Mathew Alexios

# Getting Older or Better

***Read: 2 Corinthians 4:16-18***

Aging is an inevitable phenomenon. Unfortunately, society tells us to fear advancing age and to disguise its reality as much as possible. Millions of dollars are spent on beauty products and other anti-aging cosmetics so as to delay the visible signs of aging. But aging can actually be a wonderful thing. Disciples of Jesus have the capacity to get significantly better with age. Paul said in 2 Cor. 4:16, "Even though our outward man is perishing, yet the inward man is being renewed day by day."

Just as there are physical signs that reveal we are getting older, there are signs that show we are getting better. Rather than becoming more bad-tempered, intolerant, and unloving, the maturing disciple of Jesus grows better at forgiving, loving, and caring. Growing older is a continuation of the journey to become more like Jesus, which means that as time goes on our heart and attitudes should increasingly reflect the fascinating character and winsome ways of our Saviour. Prov. 16:31 says, "The silver-haired head is a crown of glory, if it is found in the way of righteousness."

As we grow older, let us embrace the opportunity to become spiritually more like Jesus. Those around us will notice that we look better with age. Do not just grow older. Instead, grow better as a disciple of Jesus.



# കരയാനൊരു കാരണം



പാസ്റ്റർ ജോമോൻ ദേവസ്യാ

പീലാത്തോസിന്റെ തീരുമാനം നിയമത്തിന് എതിരായിരുന്നു. ക്രൂശിക്കയെന്ന് ജനം ഉച്ചത്തിൽ നിലവിളിച്ചു അവരുടെ നിലവിളി ഫലിച്ചു (ലൂക്കോസ് 23: 23). കലഹവും കുലയും ഹേതുവായി തടവിലാക്കിയവനെ വിട്ടുകൊടുത്തു, യേശുവിനെ ജനത്തിന്റെ ഇഷ്ടത്തിന് ഏൽപ്പിച്ചുകൊടുത്തു.

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുതെന്നുള്ള റോമാനിയമത്തിൽ അന്ന് പരസ്യമായ ലംഘനം നടന്നു. ഏറ്റവും കിരാതമായ ക്രൂശ് മരണം തന്നെ യേശുവിന് അവർ നൽകി. രണ്ട് പൈൻ മരങ്ങൾ ചേർത്തുണ്ടാക്കിയ ഭാരമേറിയ കുരിശും ചുമന്ന് ക്രൂശീകരണ സ്ഥലമായ ഗോൽഗോഥായിലേക്ക് യേശു പോകുന്നു. കഴിഞ്ഞ ദിവസം വസ്ത്രങ്ങളും, കുരിത്തോലകളും വിരിച്ച വഴിയിലൂടെ കഴുതപ്പുറത്ത് ഹോശന്നാപാടി ആനയിച്ചവർ പലരും പരിഹാസങ്ങളാൽ അവനെ ദുഃഖിപ്പിച്ചു. എന്നാൽ ഒരു വലിയ ജനസമൂഹം അനേകം സ്ത്രീകളും അവന്റെ പിന്നാലെ കരഞ്ഞുകൊണ്ട് ചെന്നു. അലമുറയിടുന്ന ഈ സമൂഹത്തോടായി യേശു പറഞ്ഞ ഭാഗമാണ് കരയാനൊരു കാരണം എന്ന ചിന്തയ്ക്ക് ആധാരം.

## കാര്യം അറിയാതെ കരയുന്നവർ:

യേശു എന്തുകൊണ്ടാണ് സഹതാപത്തോടെ കരയുന്നവരെ നോക്കി എന്നെ ഓർത്ത് നിങ്ങൾ കരയേണ്ട എന്ന് വിലക്കിയത്. മൂന്ന് അറിവുകളിലേക്ക് അത് വിരൾ ചൂണ്ടുന്നു.

### *1. ക്രിസ്തുവിന്റെ മരണത്തിന്റെ അനിവാര്യത നാം അറിയണം – The Necessity of His death*

പാപപരിഹാരത്തിനായി പുഴപോലെ രക്തം പഴയനിയമകാലത്ത് ഒഴുകി. ന്യായപ്രമാണ പുരോഹിതന്മാർ മനുഷ്യന്റെ പാപത്തിനായി ആണ്ടുതോറും ഇടതടവില്ലാതെ യാഗങ്ങൾ കഴിച്ചു വന്നിട്ടും സൽഗുണപൂർത്തി വരുത്തുവാൻ കഴിഞ്ഞില്ല (എബ്രായർ 10: 11).

ക്രിസ്തുവിന്റെ മരണം പഴയനിയമ ആചാരങ്ങളുടെ നിവർത്തീകരണമാണ്. തന്റെ മരണമെന്ന് ഏകയാഗത്താൽ എന്നേക്കുമുള്ള വീണ്ടെടുപ്പിനെയാണ് സാധ്യമാക്കിയത് (എബ്രായർ 11: 12, 1 പത്രോസ് 3: 18).

### *2. പിതാവിന്റെ ഇഷ്ടം നാം അറിയണം - To know the will of God*

ക്രിസ്തു ക്രൂശിൽ മരിക്കുക എന്നത് മനുഷ്യന്റെയോ, പിശാചിന്റെയൊ പദ്ധതി ആയിരുന്നില്ല, ദൈവത്തിന്റെ ഹിതമായിരുന്നു (യെശയ്യാവ് 53: 10). അല്ലായിരുന്നെങ്കിൽ ഗദ്സമനയിൽ തന്നെ പിടിക്കാൻ വന്നവരുടെ മുമ്പിൽ അൽപം മുമ്പ് പ്രാർത്ഥനയിൽ തന്നെ ശക്തീകരിക്കാൻ വന്ന ദൂതന്മാർ ഇറങ്ങി വിടുവിക്കുമായിരുന്നു.

പീലാത്തോസ് യേശുവിനെ വിട്ടയപ്പാൻ ശ്രമിക്കുന്ന ഭാഗത്ത് (യോഹന്നാൻ 19: 10–11) യേശു ആദ്യം മൗനം അവലംബിക്കുകയും പിന്നീട് മേലിൽ നിന്ന് അധികാരം കിട്ടിയിട്ടല്ലാതെ തന്നെ ഒന്നും ചെയ്‌വാൻ സാധിക്കുകയില്ല എന്ന് പറയുക വഴി ക്രൂശ് മരണത്തിലെ ദൈവീക ഉദ്ധേശമാണ് വെളിപ്പെടുന്നത്.

മൂന്നരക്കൊല്ലം യേശുവിന്റെ ശുശ്രൂഷ പരസ്യമായിട്ടായിരുന്നു. ആരും അവനെ പിടിപ്പാതിരിപ്പാൻ കാവർക്കാരോ അംഗരക്ഷകരോ ഇല്ലായിരുന്നു. കല്ലെറിയാനും കൊല്ലാനും ഒക്കെ പലരും വിചാരിച്ചെങ്കിലും യേശു അവർക്കിടയിലൂടെ നടന്നുപോയി എന്തെന്നാൽ ദൈവം നിശ്ചയിച്ച സമയത്തിനുമുമ്പ് അവനെ പിടിക്കുന്നത് അസാധ്യമായിരുന്നു. തന്റെ ശുശ്രൂഷയിൽ പലപ്പോഴും തന്റെ മരണത്തിലെ ദൈവേഷ്ടം വെളിപ്പെടുത്തിയിട്ടുണ്ട് (മത്തായി 16: 21). ഇത് മനസിലാക്കാതെ കരയുന്നവരുടെ കണ്ണുനീർ യേശുവിന്റെ ക്രൂശ് മരണത്തിന്റെ തീവ്രതയോ വേദനയോ കുറയ്ക്കുന്നില്ല.

### *3. പുനരുദ്ധാനത്തിന്റെ വാഗ്ദത്തം നാം അറിയണം – To know the promise of God*

യേശു കഷ്ടം സഹിച്ച് മരിച്ചിട്ട് മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുന്നതിനെക്കുറിച്ച് ശിഷ്യന്മാരോട് പറഞ്ഞിട്ടുണ്ട് (ലൂക്കോസ് 24: 20–27). എന്നാൽ ഉയർക്കപ്പെട്ട അന്നുതന്നെ അത് വിശ്വസിപ്പാൻ കഴിയാതെ രണ്ട് ശിഷ്യന്മാർ യരുശലേമിൽ നിന്നും യമ്മവുസിലേക്ക് പോകയിൽ യേശുതാനും അവരോട് ചേർന്നു നടന്നു. നിരാശയും ദുഃഖവും അവരുടെ മുഖത്തും വാക്കുകളിലും കാണാം. തന്റെ മരണത്തെ പ്രതി ദുഃഖിക്കുന്ന ഇവരോട് കടുത്ത വാക്കുകൾ കൊണ്ടാണ് യേശു ശാസിച്ചത്. പുനരുത്ഥാനം എന്ന വാഗ്ദത്തം അവർ ഗ്രഹിച്ചില്ല എന്നത് തന്നേ കാരണം (അപ്പൊ.പ്രവർത്തി 2: 24–28, സങ്കീർത്തനം 16: 10).

## കരയാൻ ചില കാരണങ്ങൾ:

നിങ്ങളേയും, നിങ്ങളുടെ മക്കളേയും ചൊല്ലി കരവീൻ എന്ന വാക്കിലൂടെ ഓർത്ത് കരയാൻ നമുക്ക് കാരണം ഉണ്ടെന്ന് വ്യക്തമാകുന്നു.

### *1. പാപത്തെ ഓർത്ത് കരയുക – യാക്കോബ് 4: 8–9*

കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ എന്നാണ് പൗലോസ് പറയുന്നതെങ്കിൽ, യാക്കോബ് അപ്പൊസ്തലൻ പറയുന്നു നിങ്ങളുടെ പാപങ്ങളെ ഓർത്ത് കരയുവീൻ എന്നാണ്. പത്രോസ് പുറത്തിറങ്ങി അതിദുഃഖത്തോടെ പൊട്ടിക്കരഞ്ഞപോലെ, ഈ മരണം എന്റെ നിമിത്തമാണ്, എനിക്ക് പകരമാണ് എന്ന് തിരിച്ചറിഞ്ഞ് വേണം കരയാൻ. ക്രിസ്തുവിന്റെ മരണത്തിൽ സഹതാപത്തോടുള്ള കരച്ചിലല്ല പാപത്തെ ഓർത്ത് അനുതാപത്തോടെ വേണം നാം കരയാൻ.

### *2. വരുവാൻ പോകുന്ന ന്യായവിധിയെ ഓർത്ത് കരയുക –ലൂക്കോസ് 23: 30*

നീതിമാനായ ക്രിസ്തുവിന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്നു പറഞ്ഞ് ക്ഷണിച്ചു വരുത്തിയ ന്യായവിധിയാണ്. റോമാസൈന്യത്താൽ യരുശലേമിനുണ്ടായ ന്യായവിധി അതിന്റെ ആദ്യഗഡു മാത്രമായിരുന്നു. എതിർ ക്രിസ്തുവിനാൽ 7 വർഷം മഹോപദ്രവകാലത്ത് അവർ വലിയ പീഢനത്തിലൂടെ കടന്നുപോകണ്ടിവരും. അന്നവർ മലകളോട് ഞങ്ങളുടെമേൽ വീഴുവീൻ, കുന്നുകളേ ഞങ്ങളെ മൂടുവിൻ എന്ന് നിലവിളിക്കും.

ഇത് യരുശലേമിന് മാത്രമല്ല സകലജാതികൾക്കും ക്രിസ്തുവിന്റെ കാൽവറി മരണത്തിലൂടെ ലഭിക്കാവുന്ന രക്ഷയെ തിരസ്ക്കരിക്ക വഴി ന്യായവിധി വന്നുകഴിഞ്ഞു. വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതിനാൽ തന്നേ ന്യായവിധിയുണ്ട് (ലൂക്കോസ് 21: 34–36). ആ ദിവസം പെട്ടെന്ന് കണിപോലെ ഭവിക്കാതിരിപ്പാൻ പ്രാർത്ഥിക്കാം, കരയാം.

### *3. മക്കളെ ഓർത്ത് കരയുക – ലൂക്കോസ് 23: 28*

ഒരു വല്ലാത്ത കാലത്തേക്ക് നാം വന്നുകഴിഞ്ഞു. ദാവീദ് രഹസ്യത്തിൽ ചെയ്ത പാപം കാലം കാത്തുവെച്ച തിരിച്ചടിപോലെ തലമുറകൾ പരസ്യമായി ചെയ്തു. ഒന്നിനും ഒരു മറയില്ല, ലജ്ജയില്ല, മനസാക്ഷി മരവിക്കുന്ന വാർത്തകൽ കണ്ട് നാം മടുത്തു. ആൺപെൺ വ്യത്യാസമില്ലാതെ മക്കളെ ചൊല്ലി മാതാപിതാക്കൾ ആശങ്കപ്പെടുന്നു. നമുക്ക് ഒന്നു കഴിയും...ഒന്നു മാത്രമേ കഴിയൂ...അവർക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥനയിൽ കരയാൻ. വി.അഗസ്റ്റിൻ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം "Lord give me the grace of tears".

# ജീവിതത്തിലെ താഴ്‌വരകളും... താഴ്‌വരകളുടെ ദൈവവും



ജിജോ അങ്കമാലി

എക്കാലത്തും സമതലത്തിലൂടെ മാത്രം സഞ്ചരിച്ചു നീങ്ങാവുന്ന യാത്രയല്ല ക്രിസ്തീയ ജീവിത യാത്ര. സൂര്യസമ്പുഷ്ടി അനുഭവിക്കുന്നതും ഉന്നതമായ സുദീർഘ വീക്ഷണം നൽകുന്നതുമായ പർവ്വത മുകളിലെ വാസവുമല്ല. പിന്നെയോ, താണ നിലത്തിലൂടെയും താഴ്‌വരകളിലൂടെയുമുള്ള യാത്രയാണ് വിശ്വാസ ജീവിത യാത്ര.

മലമുകളിലെ വാസം, ആനന്ദദായകവും, അനുഗ്രഹപൂർണ്ണവും, സഖിത്വ സമ്മോദകവുമായ് നമുക്കനുഭവമാകുമ്പോൾ താഴ്‌വരകളുടെ അനുഭവം വേദനയും കണ്ണുനീരും ഏകാന്തതയും സമ്മാനിക്കുന്നതാണ്.

മൂന്ന് വർഷത്തിനുള്ളിൽ ഞാനെറെ സ്നേഹിക്കയും എന്നെ ഏറെ സ്നേഹിക്കയും ചെയ്ത ഏറ്റവും പ്രിയരായ അഞ്ച് പേരുടെ മരണവും രോഗവുമാണ് ഈ വിഷയ ചിന്ത എന്നിലുണർത്തിയത്. തീർത്തും ആരോഗ്യവാനായിരുന്ന എന്റെ പിതാവ് പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് 2007 ആഗസ്റ്റിൽ കർത്തൃസവിധമണഞ്ഞു. മൂന്ന് വർഷം തികയും മുമ്പ് കരൾ രോഗത്തെ തുടർന്ന 2010 -ൽ എന്റെ മാതാവും എന്നെ വിട്ടു. അതേ തുടർന്ന് രണ്ട് മാസത്തിനുള്ളിൽ വൃക്ക രോഗത്തോടൊപ്പം ഹൃദയാഘാതം മൂലം ഭാര്യാപിതാവും വേർപിരിഞ്ഞു. 2010 -ൽ തന്നെ രണ്ട് പിതൃസഹോദരന്മാരും സ്വർഗ്ഗം പൂകി. പ്രതീക്ഷിക്കാത്ത രോഗങ്ങൾ, പ്രതീക്ഷിക്കാത്ത മരണങ്ങൾ! ജീവിത താഴ്‌വരകളിലൂടെ നമ്മെ കടത്തി വിടുമ്പോൾ 'താഴ്‌വരകളുടെ ദൈവം' കൈവിടാതെ കൂടെയുണ്ടെന്ന് ജീവിതത്തിൽ അനുഭവമായി. ആയത് പറയാതിരിക്കുന്നതെങ്ങനെ!

യിസ്രായേൽ മക്കൾ അവകാശമാക്കാൻ പോകുന്ന വാഗ്ദത്ത ദേശത്തെക്കുറിച്ച് ആവർത്തനം 11: 11 -ൽ പറയുന്നത് 'മലകളും താഴ്‌വരകളും ഉള്ള ദേശം' എന്നാണ്. അതോടൊപ്പം 'നിന്റെ ദൈവമായ യഹോവ നല്ലൊരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നത്. അത് താഴ്‌വരയിൽ നിന്നും മലയിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം' (ആവർത്തനം 8: 7) എന്നും കൂടെ പറഞ്ഞിരിക്കുന്നു. താഴ്‌വരകളുള്ള ദേശം 'നല്ലദേശ'മാണെന്ന് മാത്രമല്ല നീരൊഴുക്കുമുള്ള ദേശമാണെന്ന ചിന്ത എത്രയോ ആശ്വാസപ്രദം.

ഈ താഴ്‌വരകൾ ദൈവ സൃഷ്ടിയാണെന്നും, ദൈവം നിശ്ചയിച്ച സ്ഥാനത്ത് മാത്രം നിൽക്കുന്നതാണെന്നും സങ്കീർത്തനം 104:8 -ൽ പറയുന്നു. 'മലകൾ പൊങ്ങി, താഴ്‌വരകൾ താണു നീ അവെക്കു നിശ്ചയിച്ച സ്ഥലത്തേക്ക് വാങ്ങിപ്പോയി'. നമ്മുടെ ജീവിതത്തിലെ താഴ്‌വരാനുഭവങ്ങൾ ദൈവം താൻ തന്നെ രൂപപ്പെടുത്തിയതാണെന്നും ദൈവം നിശ്ചയിച്ച ഒരു സ്ഥാനം അഥവ കാലം അഥവ സമയം അതിനുണ്ടെന്നും മനസ്സിലാക്കാൻ ഇടവരുമ്പോഴാണ് താഴ്‌വരാനുഭവങ്ങളെ അംഗീകരിക്കാനും ആയതിലെ ദൈവകരവും പദ്ധതിയും തിരിച്ചറിയാനും നമുക്കിടവരുന്നത്.

പ്രിയരെ, നിങ്ങൾ ഇന്ന് കടന്നു പോകുന്ന താഴ്‌വരാനുഭവങ്ങൾ എന്തു തന്നെ ആയാലും, ആയതെല്ലാം ദൈവത്തിന്റെ അറിവും കൈയ്യൊപ്പും ഉള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ദൈവം നിശ്ചയിച്ച പരിധിക്കപ്പുറം ഒരിക്കലും അവ വരികയുമില്ല.
നമ്മുടെ ജീവിത താഴ്‌വരകളിലേക്ക് ഉറവുകളെ ഒഴുക്കുന്നവനാണ് നമ്മുടെ ദൈവം എന്ന് സങ്കീർത്തനം 104: 10 -ൽ പറയുന്നു. 'താഴ്‌വരകളുടെ നടുവിൽ ഉറവുകളെ തുറക്കുന്നവനാണ ദൈവം' എന്ന് യെശയ്യാവ് 41: 18 -ൽ പറയുന്നു. 'താഴ്‌വരകൾ ധാന്യം കൊണ്ട് മൂടിയിരിക്കുന്നു'എന്നാണ് സങ്കീർത്തനക്കാരൻ 65: 13 -ൽ പാടുന്നത്.

ഓ! ഈ താഴ്‌വരാനുഭവങ്ങളുടെ ധന്യത എത്രയോ വലുത്. നാം ചിന്തിച്ച 4 കാര്യങ്ങൾ ഒന്നെടുത്ത് പറയട്ടെ.

1. താഴ്‌വരാനുഭവങ്ങളിലും നമ്മോടു കൂടെയിരിക്കുന്ന ഒരു ദൈവമുണ്ട്
2. താഴ്‌വരകളിലേക്ക് ദൈവം ഉറവുകളെ ഒഴുക്കുന്നു
3. താഴ്‌വരയുടെ നടുവിലും ദൈവം ഉറവുകളെ തുറക്കും
4. ധാന്യം കൊണ്ട് താഴ്‌വരകളെ ദൈവം നിറക്കും

'താഴ്‌വരകളുടെ ദൈവം' എത്രയോ വലിയവൻ. നമ്മുടെ ജീവിതത്തിലെ താഴ്‌വരകൾക്ക് സ്ഥാനം നിശ്ചയിക്കുന്ന ദൈവത്തെ നമുക്ക് ചോദ്യം ചെയ്യാനവകാശമുണ്ടോ ?

അതേ, താഴ്‌വരകളിലാണ് ഏറ്റവുമധികം ഫലം വിളയുന്നത്. ആ വിളവുകളാണ് 'വിത്ത്' നൽകുന്നത്. ആ വിത്തുകളാണ് പുതിയ വൃക്ഷത്തോപ്പുകൾക്ക് അഥവ തലമുറകൾക്ക് മൂലമാകുന്നത്. അതെ, താഴ്‌വരകളിലൂടെ കടന്നു പോകുന്നതിന്റെ ഫലം തലമുറകളിലേക്ക് അനുഗ്രഹമായ് നീണ്ടു ചെല്ലുന്നു എന്ന് സാരം.

ജീവിതത്തിലെ വിവിധ താഴ്‌വരകളിലൂടെ കടന്നുപോയ ഒരുവനാണ് യോസേഫ്. സ്വസഹോദരന്മാരാൽ വിൽക്കപ്പെട്ടവൻ, ചെയ്യാത്ത കുറ്റം ആരോപിക്കപ്പെട്ടവൻ, പൊട്ടക്കിണറ്, കാരാഗ്രഹം, ഏകാന്തത, കുടുംബ ബന്ധം വിഛേദിക്കപ്പെട്ടവൻ എന്നിങ്ങനെ എത്രയോ താഴ്‌വരകൾ. എന്നാൽ തനിക്ക് രണ്ടാമത്തെ മകൻ ജനിച്ചപ്പോൾ താൻ 'സങ്കടദേശത്ത് ദൈവം എന്നെ വർദ്ധിപ്പിച്ചു' എന്നു പറഞ്ഞുകൊണ്ടാണ് എഫ്രയീം എന്ന പേര് നൽകിയത് (ഉൽപ്പത്തി 41: 52). 'വർദ്ധിപ്പിച്ചു' എന്നതിന് 'എഞ്ഞഡകഠഎഡഘല' എന്നാണ് ഇംഗ്ലീഷ് പരിഭാഷ. താഴ്‌വരാനുഭവങ്ങൾ എക്കാലത്തും ഏവരിലും 'ഫലപ്രദമായ' അനുഭവമായ് മാറും. കാരണം നാം താഴ്‌വരയിലാകുന്നതോടെ ദൈവം ദൈവമല്ലാതായി മാറുന്നില്ല! മലമുകളിൽ നമ്മെ ഇരുത്തുന്ന, നമ്മോടൊപ്പമിരിക്കുന്ന ദൈവം തന്നെയാണ് താഴ്‌വരകളിലൂടെ നമ്മെ കടത്തി വിടുന്നതും നമ്മോടൊപ്പമിരിക്കുന്നതും.

ആകയാൽ ജീവിത്തിലെ താഴ്‌വരകളിൽ നമ്മോടൊപ്പമിരിക്കാൻ 'താഴ്‌വരകളുടെ ദൈവമുണ്ട്' എന്നറിഞ്ഞ് മനസ്സുറപ്പിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ...






ജീമോൻ പഴയിടം
മൂന്നാർ

സാഹസികനായ ഒരു വ്യക്തി വളരെ മനോഹരമായ ആഴമുള്ള വെള്ളച്ചാട്ടത്തിന് കുറുകെ ഒരു കയർ കെട്ടി. ചുറ്റും കൂടിയ നിറഞ്ഞ ജനങ്ങളെ സാക്ഷീകരിച്ച് അദ്ദേഹം പറഞ്ഞു ഞാനീ കയറീലൂടെ നടന്ന് അപ്പുറത്ത് കടക്കാൻ പോകുന്നു. ജനം ആശ്ചര്യസ്തബ്ദരായി വീർപ്പടക്കി നോക്കി നിൽക്കെ അദ്ദേഹം നല്ല ബാലൻസിലൂടെ പാദങ്ങൾ ഇടറാതെ ആ കയറിലൂടെ വെള്ളച്ചാട്ടത്തിനക്കരെ എത്തി.

തിരികെ നടന്ന് ഇക്കരെയെത്തിയ സാഹസികനെ നിറഞ്ഞ കരഘോഷത്തോടെ ജനം സ്വീകരിച്ചു. പലരും സ്നേഹവായ്പ്പോടെ തന്റെ കഴിവിനെ ഉച്ചത്തിൽ പുകഴ്ത്തി. തന്റെ കൈകളെ ഉയർത്തി ഹർഷാരവത്തെ നിശബ്ദമാക്കി അദ്ദേഹം ഉറക്കെ പറഞ്ഞു 'സ്നേഹിതരെ, നിങ്ങളിൽ ധൈര്യമുള്ള ഒരാൾ ദയവു ചെയ്ത് മമ്പോട്ടു വരിക. ഞാൻ ആ വ്യക്തിയെ എന്റെ തോളിലിരുത്തി ഈ കയറിലൂടെ അപ്പുറത്തേക്കും തുടർന്ന് ഇപ്പുറത്തേക്കും സുരക്ഷിതമായി എത്തിക്കുന്നതാണ്. അദ്ദേഹം പ്രതീക്ഷയോടെ ജനങ്ങളെ നോക്കി.

ആരും തയ്യാറായില്ല എന്നു മാത്രമല്ല ഭീതിയോടെ തങ്ങളുടെ കാൽപ്പാദങ്ങളെ പുറകോട്ടു വലിച്ചു. വെള്ളച്ചാട്ടത്തിന്റെ ഹുങ്കാര ശബ്ദത്തിൽ 'ഞാൻ തയ്യാർ' എന്ന ഉറച്ച ഒരു ശബ്ദം കേട്ട് ജനങ്ങൾ അങ്ങോട്ട് നോക്കി. എല്ലാവരും സ്തബ്ദരായി 10 വയസ്സ് മാത്രം പ്രായം വരുന്ന ഒരു ബാലൻ! ചിലർ അവനെ വിലക്കി, പലരും അത്ഭുതത്തോടെ അവനെ തുറിച്ചുനോക്കി. സാഹസികൻ അവനെ തോളിലേറ്റി കയറിലൂടെ മെല്ലെ അക്കരക്ക് യാത്ര തിരിച്ചു. തോളിലിരുന്ന് മീറ്ററുകളോളം താഴ്ചയുള്ള ഗർത്തത്തിലെ കാഴ്ചകൾ ബാലൻ സാകൂതം വീക്ഷിച്ചു.

തിരികെ എത്തിയ അവരിരുവരേയും ജനം കൈയ്യടികളോടെ സ്വീകരിച്ചു. പലരും തിക്കി തിരക്കി ബാലന് ഹസ്തദാനം ചെയ്തു. എല്ലാവരുടേയും മുമ്പിൽ സാഹസികനേക്കാളും ബാലന്റെ ധൈര്യം ഉയർന്നു. പലരും തന്നോട് പലതും ചോദിച്ചു. ഏറ്റവുമധികം ആളുകൾ ചോദിച്ച ചോദ്യം ഇതായിരുന്നു 'നിനക്ക് ഭയം ഒട്ടും ഇല്ലായിരുന്നോ?' ഇത്ര ധൈര്യത്തോടെ ആരും ഏൽക്കാൻ മടിച്ച ഈ കാര്യം എന്തുകൊണ്ടാണ് നീ ഏറ്റത്?

എല്ലാവരും നിശബ്ദരായി ബാലന്റെ ഉത്തരത്തിനായി കാതോർത്തു. ബാലൻ പറഞ്ഞു 'എനിക്ക് ഒട്ടും ഭയമില്ലായിരുന്നു കാരണം അതെന്റെ പപ്പയാണ്' സാഹസികനെ നോക്കി വിരൽച്ചൂണ്ടി ബാലൻ തുടർന്നു. 'എനിക്കെന്റെ പപ്പയിൽ വിശ്വാസമുണ്ട്. ഈ വെള്ളചാട്ടത്തിന്റെ ശബ്ദമോ ഈ കുഴിയുടെ ആഴമോ ഒന്നും എനിക്ക് പേടിയില്ല. ഞാനെന്റെ പപ്പയുടെ തോളിൽ സുരക്ഷിതനാണെന്ന് എനിക്കുറപ്പുണ്ട്'. പിന്നീടുയർന്ന കരഘോഷത്തിന് വെള്ളച്ചാട്ടത്തിന്റെ ശബ്ദത്തേക്കാൾ മുഴക്കമുണ്ടായിരുന്നു.

പ്രിയരേ, നിത്യജീവങ്കലേക്കുള്ള ഈ യാത്രയിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമാവുന്ന ഭീതിപ്പെടുത്തുന്ന അവസ്ഥയിൽ മനം പതറി പിൻതിരിയാൻ തുനിയുന്നുണ്ടെങ്കിൽ ഒന്നോർക്ക നമ്മെ അചഞ്ചല മനസ്സോടെ ഉറപ്പിച്ച് നിർത്തുവാൻ കഴിവുള്ളവന്റെ ശക്തിയെ നാം അവിശ്വസിക്കുന്നു. അപ്പൊസ്തലനായ യാക്കോബ് ഇപ്രകാരം പ്രബോധിപ്പിക്കുന്നു 'എന്റെ സഹോദരന്മാരേ നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ' (യാക്കോബ് 1: 3,4).

വിളിച്ചവൻ വിശ്വസ്തനന്നെണ്ണി ഉറപ്പോടെ ധൈര്യത്തോടെ ദൈവത്തിൽ വിശ്വസിച്ച് മുന്നേറുവാൻ പ്രാർത്ഥിക്ക. ദൈവം അനുഗ്രഹിക്കട്ടെ.

# "പാഴ്ചിലവിന്റെ വില"



മിനി എം തോമസ്

ഒക്കത്തു ഒരു ഭരണിയുമായി അവൾ നടന്നു നീങ്ങിയപ്പോൾ കൗതുകത്തോടെയാണ് എല്ലാവരും ആ രംഗം വീക്ഷിച്ചത്. അവൾ ആർക്കും അപരിചിതയായിരുന്നില്ല. സമൂഹം അറിയുന്ന ഒരു സ്ത്രീ. എന്നാൽ അവളുടെ പേര് പലരും മറന്നു തുടങ്ങിയിരിക്കുന്നു. സമൂഹം അവൾക്ക് നൽകിയ പേരും, സ്ഥാനവും അവളുടെ തല ഉയർത്തുന്നതായിരുന്നില്ല. തൈലപാത്രവുമായി അവൾ നടന്നു നീങ്ങുമ്പോഴും അവളിൽ പതിഞ്ഞ നോട്ടങ്ങളുടെ അർത്ഥവും അത്ര മാന്യമായിരുന്നില്ല. അവൾ ചെന്ന് കയറിയത് പരീശനായ ശിമോന്റെ വീട്ടിലേക്കായിരുന്നു. തിങ്ങികൂടിയ ആളുകൾ ഏന്തി വലിഞ്ഞു നോക്കുന്നുണ്ട്. യേശുവിന്റെ കാൽക്കൽ അവൾ ഇരുന്നു. അൽപ്പസമയത്തിനുള്ളിൽ ആ വീട് സുഗന്ധം കൊണ്ട് പരന്നു. വിലയേറിയ സ്വച്ഛജടാമാംസി തൈലം യേശുവിന്റെ തലയിലേക്ക് അവൾ പകർന്നു. ദിവസങ്ങളുടെ അധ്വാന ഫലമാണ് അവൾ പകർന്ന തൈലം. വേദനകൾ അവളുടെ കണ്ണിൽ നിന്ന് ധാരധാരയായി ഒഴുകുകയാണ്. പാപിനി എന്ന പേര്, കുറ്റ ബോധത്താൽ വീർപ്പുമുട്ടിയ ഹൃദയം, തെറ്റുകാരിയാക്കിയ സമൂഹത്തിന്റെ കുത്തുവാക്കുകൾ, തന്റെ സാഹചര്യങ്ങൾ തുടങ്ങി തന്റെ ഉള്ളിൽ അടക്കിവെച്ച സങ്കടങ്ങളെല്ലാം അവൾ യേശുവിന്റെ കാൽക്കൽ പകർന്നു. ചുറ്റും നിന്നവർ പരിഹസിച്ചു. ഈ തൈലം വിറ്റ് കിട്ടുന്ന പണം ദരിദ്രർക്ക് കൊടുക്കാമായിരുന്നു എന്ന് ചിലർ ന്യായവാദങ്ങൾ മുഴക്കി. പക്ഷെ അവളുടെ അധ്വാനത്തിനും, സ്നേഹത്തിനും, കണ്ണുനീരിനും വിലയിട്ടവരോട് യേശുവിന് ഒന്നു മാത്രമേ പറയുവാനുണ്ടായിരുന്നുള്ളു :'അവൾ തന്നാൽ ആവത് ചെയ്തു'. അവളെക്കാൾ അധികം ചിലവഴിച്ചവർക്ക്, അവളുടെ പ്രവർത്തിയെ നിസ്സാരവൽക്കരിക്കുവാൻ എളുപ്പമായിരിക്കും. പക്ഷെ, അവളെക്കൊണ്ട് സാധിക്കുന്നത് പൂർണമനസ്സോടെ അവൾ ദൈവത്തിന്റെ കാൽക്കൽ വെച്ചു. അവൾ മനസ്സുതുറന്ന് നൽകിയത് യേശു സ്വീകരിച്ചു. കുറ്റം പറയുന്നവരെ അവൾ നോക്കിയില്ല. താരതമ്യം ചെയ്തവരോട് മറുപടി പറഞ്ഞില്ല. അവളുടെ നോട്ടം യേശുവിങ്കൽ ആയിരുന്നു. അവനുവേണ്ടി എന്തെങ്കിലും ചെയ്യണം എന്ന ആഗ്രഹം മാത്രമായിരുന്നു ആ മനസ്സ് മുഴുവൻ.

നന്മ ചെയ്താലും തിന്മ ചെയ്താലും ദൈവത്തിന് വേണ്ടി ചെയ്താലും മനുഷ്യർക്ക് വേണ്ടി ചെയ്താലും, വിമർശനവുമായി ആളുകൾ ചുറ്റും കൂട്ടം കൂടിയിരിക്കും. പാപിനിയായ സ്ത്രീയുടെ പ്രവർത്തി മാനുഷിക കണ്ണുകളിൽ 'വെറും പാഴ്ചിലവ്' മാത്രമായിരുന്നു. അവർ കുറ്റം പറഞ്ഞു, അവളെ ഭൽസിച്ചു. പക്ഷെ ദൈവിക ദൃഷ്ടിയിൽ അവളുടെ പ്രവർത്തിയും അതിന് കാരണമായ അവളുടെ വിശ്വാസവും ഏറെ വിലപ്പെട്ടതായിരുന്നു. ദൈവ നാമത്തിന് വേണ്ടി ചെയ്യുന്ന പ്രവർത്തികളിൽ ചിലപ്പോൾ മാനുഷിക പരിഗണനയും പ്രോത്സാഹനവും



ഉണ്ടായി എന്ന് വരില്ല. പക്ഷെ, ദൈവം അംഗീകരിച്ചാൽ അതിനേക്കാൾ വലിയ നേട്ടം മറ്റൊന്നില്ല. ചുറ്റും നിന്ന് പരിഹസിക്കുന്നവരെ നോക്കി നിന്നാൽ, ദൈവത്തിന് വേണ്ടി ഒന്നും നൽകുവാനോ, ചെയ്യുവാനോ, നേടുവാനോ കഴിഞ്ഞെന്ന് വരില്ല. നമ്മുടെ പഴയകാല ജീവിതം നോക്കി, നമുക്ക് ഒരു പേര് നൽകി, ഒറ്റപ്പെടുത്തി, മാറ്റിനിർത്തുന്നവരുടെ മുൻപിൽ ചങ്കുറപ്പോടെ യേശുവിനെ മാത്രം നോക്കി നമ്മളാൽ കഴിയുന്നത് ദൈവത്തിന് നൽകുക. നമ്മെ കുറ്റപ്പെടുത്തുന്നവർക്ക്, നമ്മുടെ ആത്മാർത്ഥതയുടെ ആഴം അറിയണമെന്നില്ല. ദൈവവുമായുള്ള നമ്മുടെ ബന്ധം അറിയണമെന്നില്ല.

ചുറ്റും നിന്നു മറ്റുള്ളവർ പഴിക്കുമ്പോഴും നമുക്ക് ചെയ്യുവാനു ള്ളത് നാം ചെയ്യുക. ഒരുപാട് നൽകുന്നതിലല്ല, നമ്മളാൽ കഴിയുന്നതിന്റെ പരമാവധി നൽകുവാൻ സാധിക്കുന്നുവോ എന്നതാണ് പ്രസക്തം. ''നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ'' (കൊലൊസ്സ്യർ 3:23).

നമുക്ക് ദൈവം തന്ന താലന്തുകളിൽനിന്ന് നമ്മളാൽ ആവത് ചെയ്യുക...
സഹജീവികളുടെ നന്മയ്ക്കായി നമ്മളാൽ ആവത് ചെയ്യുക...
ദൈവനാമമഹത്വത്തിന് വേണ്ടി നമ്മളാൽ ആവത് ചെയ്യുക...




Would anyone name his child "I Am"?

Imagine that you are asking someone what his name is and he replies, "I Am".

Or imagine that is a student in the class and the teacher asks, "Who did this?" and if he did it, the students would reply, "I Am did it".

Another scenario is the teacher asking "Where is "I Am"? and the students reply "I Am" went home.

Don't you find something odd about this name? It is definitely not fitting into the rules and style of the language and its syntax, right? Teachers of the language would agree with me – I AM is the first person common singular of the verb "to be" and cannot be a name!

Well, these thoughts flashed through my mind after a daily reading one of these days, when a thunder woke me up earlier than usual. Yes, it was raining in the desert. Drawing the curtain away I caught a steak of lightning as well.

The thunder was majestic and the lighting added flashy, while the showers that followed was pacifying.

The reading for the day was based on Exodus 3:13 – 14 – the very familiar passage where God appears to Moses in the burning bush and telling him to go to Egypt to lead the Israelites out of slavery. A confused Moses, as I would imagine, asks God, as to what to tell the people if they asked him who had sent him and God said to Moses, "I AM WHO I AM. Then God reiterates - "This is what you are to say to the Israelites: 'I AM has sent me to you'.

This took me to the thoughts on the name "I AM". And the thunder repeated – as though the Lord Almighty from the heavens was saying the same to me. I could feel the majesty of his voice.

The lighting cracked again and I imagined the elegance of the Lord flanked by angels. I could



Raji Unnikrishnan

feel I AM telling me of his existence and presence. The ultimate statement of assurance – the omnipresent, omnipotent and omniscient God – the only one who can claim the name I AM.

"Lord, you have been our dwelling place in all generations" Psalm 90:1.

A Sparrow

# യൂദാ എഴുതിയ ലേഖനപഠനം

ഭാഗം 3



ഇവാ. സാം തോമസ്, കണ്ണൂർ

## ലേഖനത്തിന്റെ വിഭജനം

| | |
|---|---|
| 1-4 | - ലേഖനത്തിന്റെ ലക്ഷ്യം |
| 5-7 | - അവിശ്വാസത്തിന്റേയും മത്സരത്തിന്റേയും ചരിത്രപരമായ ദൃഷ്ടാന്തങ്ങൾ |
| 8-19 | - ദുരുപദേഷ്ടാക്കന്മാരുടെ വിവരണം |
| 20-23 | - വിശ്വാസികൾക്കുള്ള പ്രബോധനം |
| 24-25 | - സമാപനവും ആശീർവ്വാദവും |

*വാക്യം 1* - യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്.

**A.** യേശുക്രിസ്തു: ക്രിസ്തു എന്നാൽ എബ്രായഭാഷയിൽ 'മഷിയാഹ്' എന്നും ഗ്രീക്കിൽ 'ഫ്റിസ്റ്റൊസ്' (അഭിഷിക്തൻ) എന്നുമാണർത്ഥം. നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തു നിത്യനാണ്. അബ്രഹാം ജനിക്കുന്നതിന് മുമ്പെ ഞാൻ ഉണ്ട് (യോഹന്നാൻ 8:58) എന്ന് യേശു തന്റെ പൂർവ്വാസ്ഥിത്വം വെളിപ്പെടുത്തി. പിതാവിനോടുള്ള ബന്ധത്തിൽ (യോഹന്നാൻ 1: 1) ലോകസൃഷ്ടിക്കു മുമ്പെ പിതാവിന്റെ അടുക്കൽ ഉണ്ടായിരുന്നു (യോഹന്നാൻ 17: 5). സകലവും അവൻ മുഖാന്തിരം ഉണ്ടായി (യോഹന്നാൻ 1: 3, 1 കൊരിന്ത്യർ 8: 6, എബ്രായർ 1: 6, കൊലോസ്യർ 1: 16). സർവ്വത്തിനും മുമ്പെ ഉള്ളവൻ സകലത്തിനും ആധാരം (കൊലോസ്യർ 1: 17). മാനവരാശിയുടെ പാപത്തിനുവേണ്ടി മറിയത്തിന്റെ ഉദരത്തിലൂടെ പിറന്നു വീണു (യോഹന്നാൻ 14: 18, മത്തായി 1: 18, ലൂക്കോസ് 1: 35). ദൈവം ജഡത്തിൽ വെളിപ്പെട്ടു (ഫിലിപ്പിയർ 2: 6-8). ഈ യേശുക്രിസ്തുവിന്റെ ദാസനാണ് ലേഖനം എഴുതിയ യൂദാ.

**B.** ദാസൻ : ഗ്രന്ഥകർത്താവ് ദീർഘമായ വാക്കുകളെ ഉപയോഗിക്കാതെ കേവലം രണ്ട് വ്യക്തികളെ മാത്രം ബന്ധപ്പെടുത്തി സ്വയം പരിചയപ്പെടുത്തുന്നതായി കാണാം.

1. യേശുക്രിസ്തുവിന്റെ ദാസൻ - ആത്മീകബന്ധം
2. യാക്കോബിന്റെ സഹോദരൻ - ഭൗതീകബന്ധം

ദാസൻ എന്നതിന് അടിമ എന്നും പറയുന്നു (servent). ഗ്രീക്കിൽ 'ഡൂലോസ്' എന്നും എബ്രായഭാഷയിൽ 'എവേദ്' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ അധീനതയിലും ആ മനുഷ്യന്റെ സ്വത്തിന്റെ ഭാഗമായും കഴിയുന്നതാണ് അടിമത്വം. യജമാനന്മാർക്ക് അടിമയെ ക്രയവിക്രയം ചെയ്യാം. തനിക്ക് ബോധിച്ചതുപോലെ അടിമയോട് പ്രവർത്തിക്കാം. ക്രൂരമായി പെരുമാറാം, കൂലി കൊടുക്കേണ്ട ആവശ്യമില്ല. റോമൻ നിയമം അനുസരിച്ച് ഒരു അടിമയ്ക്ക് സ്വന്ത ഇഷ്ടം പോലെ ജീവിക്കാൻ പറ്റത്തില്ല.

### അടിമയെ ലഭിക്കുന്ന വിധം:

1. ഒരു രാജ്യം മറ്റൊരു രാജ്യത്തെ തോൽപ്പിച്ച് അവിടെയുള്ള ആളുകളെ അടിമകളായി പിടിക്കുന്നു (ഉൽപ്പത്തി 14: 21, സംഖ്യാ 31: 9, ആവർത്തനം 20: 14, 21: 10).

2. വിലയ്ക്കു വാങ്ങുന്ന അടിമ - മറ്റൊരു ഉടമസ്ഥന്മാരിൽ നിന്നോ, കച്ചവടക്കാരിൽ നിന്നോ അടിമകളെ വിലയ്ക്കു വാങ്ങുന്നു. ഉദാ: യോസേഫ് (ഉൽപ്പത്തി 37: 27-28, സഭാപ്രസംഗി 2: 7)

3. ജന്മനാ അടിമകൾ - ഒരു യജമാനന്റെ വീട്ടിൽ ദാസന് ജനിക്കുന്ന മക്കൾ ജന്മനാ അടിമകൾ ആണ് (ഉൽപ്പത്തി 15: 3, 17: 12-13, യിരെമ്യാവ് 2: 14)

4. നഷ്ടപരിഹാരമായി ലഭിക്കുന്ന അടിമ - ഒരു കുറ്റവാളിക്കൊ കള്ളനോ പിഴ കൊടുക്കുവാൻ സാധിച്ചില്ല എങ്കിൽ അവനെ വിറ്റ് ആ പണം നഷ്ടപരിഹാരമായി ഉപയോഗിക്കും (പുറപ്പാട് 22: 3)

5. 6 വർഷം യജമാനന്റെ വീട്ടിൽ പണിയെടുത്ത് ഏഴാം വർഷം സ്വതന്ത്രമായി വിടണം. തനിക്ക് പോകുവാൻ മനസ്സില്ല എങ്കിൽ ഈ അടിമയെ ദൈവസന്നിധിയിൽ കൊണ്ടുവന്ന് കട്ടിളയോടോ, കതകിനോടോ ചേർത്തു വെച്ച് ഇവന്റെ ചെവിക്ക് ഒരു തുള ഇടും. ഇവൻ പിന്നീട് നിത്യഅടിമയാണ് ഇവനെ ആർക്കും വിൽക്കുവാനോ ആരും അടിക്കുവാനോ പാടില്ല ( പുറപ്പാട് 21: 5-6)

6. സ്വയം വിറ്റ അടിമകൾ ദാരിദ്രത്തിൽ നിന്ന് രക്ഷ നേടുന്നതിനുവേണ്ടി മറ്റൊരു വ്യക്തിയെ ആശ്രയിക്കുന്നു. അതായത് സ്വയം മറ്റൊരു വ്യക്തിക്ക് വിൽക്കുന്നു (ലേവ്യ 25: 39-43, 47)

7. അപഹരിച്ചു കൊണ്ടുപോയി ഒരു വ്യക്തിയെ മറ്റൊരു വ്യക്തിക്കു വിൽക്കുക. ഈ കുറ്റത്തിന് മരണശിക്ഷയാണ് ശിക്ഷാവിധി. യോസേഫിന്റെ സഹോദരന്മാർ ഇതിന് യോഗ്യരാണ് (പുറപ്പാട് 21: 16, ആവർത്തനം 24: 7, ഉൽപ്പത്തി 37: 27-28)




Hello Health

ആരോഗ്യസംരക്ഷണത്തിന് ഇന്ന് വളരെയധികം പണവും സമയവും ചിലവഴിക്കുന്നു. എന്നാൽ ഇത് പ്രദാനം ചെയ്യാൻ കഴിയുന്ന ഒരു ഫലമാണ് പേരയ്ക്ക.

നാരുകൾ കൂടുതൽ അടങ്ങിയിരിക്കുന്നതിനാൽ ശരീരഭാരം കുറയ്ക്കാൻ പേരയ്ക്ക ഏറെ സഹായകരമാണ്. പേരയ്ക്കയിലുള്ള വൈറ്റമിൻ ബി3 രക്തപ്രവാഹം വർധിപ്പിക്കാൻ സഹായിക്കും. ഇതിലെ ബി6 തലച്ചോറിനും നാഢീവ്യവസ്ഥയ്ക്കും സുഗമമായ പ്രവർത്തനത്തിന് അത്യുത്തമമാണ്. ടെൻഷൻ അകറ്റാനും പേരയ്ക്ക ഉത്തമമാണ്. പേരയ്ക്കയിൽ അടങ്ങിയിട്ടുള്ള ആന്റിഓക്സിഡന്റുകൾ അകാലവാർധക്യം തടഞ്ഞ് അർബുദം, ഹൃദ്രോഗം എന്നിവയെ പ്രതിരോധിക്കും. ഇതിലുള്ള വൈറ്റമിൻ സി കോശങ്ങളുടെ നാശം തടയാനും സഹായിക്കും. പേരയ്ക്കയിൽ ആപ്പിൾ, ഓറഞ്ച്, മുന്തിരി എന്നിവയിലുള്ള ഷുഗറിനേക്കാൾ കുറഞ്ഞ അളവിലാണ് ഷുഗർ ഉള്ളത്.

പ്രമേഹരോഗികൾക്കും കഴിക്കാൻ സാധിക്കുന്ന ഫലമാണ് പേരയ്ക്ക. ദിവസവും പേരയ്ക്ക തൊലി ഒഴിവാക്കി കഴിക്കുന്നത് പ്രമേഹരോഗികൾക്ക് ഉത്തമമാണ്.

നാരങ്ങയിലുള്ളതിന്റെ നാല് മടങ്ങ് വൈറ്റമിൻ സി പേരയ്ക്കയിൽ അടങ്ങിയിരിക്കുന്നു. ഇതിനു പുറമെ ഫൈബർ, വൈറ്റമിൻ എ, വൈറ്റമിൻ ബി, പൊട്ടാസ്യം, കോപ്പർ, മാംഗനീസ് എന്നിവയുടെ കലവറകൂടിയാണ് പേരയ്ക്ക.

ദന്തസംബന്ധമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പേരയ്ക്ക കൊണ്ട് പരിഹരിക്കാം. പല്ലുവേദന, മോണരോഗങ്ങൾ, വായ്നാറ്റം എന്നിവക്കെല്ലാം പരിഹാരം കാണാൻ വളരെയധികം സഹായിക്കുന്ന ഒന്നാണ് പേരയ്ക്ക. ഇതിനു പുറമെ പല്ലിന് ആരോഗ്യവും ബലവും നൽകുന്നു.

പേരയിലകൊണ്ട് ചിലവ് കുറഞ്ഞ രീതിയിൽ മൗത്ത് വാഷും ഉണ്ടാക്കാൻ കഴിയും. ഒരു പിടി പേരയിലയിട്ടു തിളപ്പിച്ച വെള്ളം ആറിയ ശേഷം അൽപ്പം ഉപ്പു കൂടി ചേർത്താൽ മാത്രം മതി. ഇതു പതിവായി ഉപയോഗിച്ചാൽ ദന്തരോഗങ്ങളെ അകറ്റി നിർത്താനും കഴിയും.

# ഉറുമ്പിൻകൂട്ടത്തിന്റെ കാവൽക്കാരൻ

വിസ്മയക്കാഴ്ചകൾ



പാസ്റ്റർ റ്റി.എൽ. ഷാജി

വിസ്മയകാഴ്ചകളുടെ വിരുന്നൊരുക്കുന്ന ഡൽഹി എന്ന മഹാനഗരം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയുടെ ഭരണശിരാകേന്ദ്രം. സമ്മിശ്ര സംസ്കാരത്തിന്റേയും ഭാഷകളുടേയും ആചാരങ്ങളുടേയും സംഗമവേദി. നഷ്ടപ്രതാപങ്ങളുടെ സ്മരണകൾ നില നിൽക്കുന്ന ഈ മഹാനഗരത്തിന്റെ കൗതുകക്കാഴ്ചകളിൽ അധികവും ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. മുഗൾ ചക്രവർത്തിമാരുടെ കാലത്തെ രാജവാഴ്ചയുടെ തിരുശേഷിപ്പുകൾ ഇന്നും ഈ നഗരത്തിൽ തലയുയർത്തി നിൽക്കുന്നു. കുത്തബ് മിനാറും, ചെങ്കോട്ടയും അതിൽ എടുത്തു പറയേണ്ടവ തന്നെ. മെഹ്റോളി മുതൽ ബദർ പൂർ വരെ നീണ്ടുകിടക്കുന്ന ഇടിഞ്ഞിട്ടും ഇടിയാതെ നിൽക്കുന്ന ചരിത്രസ്മാരകങ്ങൾ പണ്ടത്തെ പ്രൗഢിയെ വിളിച്ചറിയിക്കുന്നു.

ഡൽഹിയുടെ ഹൃദയം എന്നറിയപ്പെടുന്ന കെണോട്ട് പ്ലേസിൽ നിന്നും അധികം ദൂരമില്ല രാജ്ഘട്ടിലേക്ക്. രാഷ്ട്രപിതാവ് ഉൾപ്പടെ ഇന്ത്യയുടെ വീരനായകന്മാർ വിശ്രമം കൊള്ളുന്ന പച്ച പുതച്ച മണ്ണിലൂടെ നടന്നു നീങ്ങുമ്പോൾ ഏതൊരു ഇന്ത്യക്കാരന്റെയും ഹൃദയം അഭിമാനപൂരിതമാകും. ഇന്ത്യാഗേറ്റ്, ലോട്ടസ് റ്റെംബിൾ, ഇന്ദിരാഗാന്ധി മ്യൂസിയം ഇവയെല്ലാം വിദേശികളെയും സ്വദേശികളെയും ഒരു പോലെ ആവേശം കൊള്ളിക്കുന്നതാണ്. ലാൽക്കിലായിൽ പൊതുജനത്തിനായി പ്രദർശിപ്പിച്ചിരിക്കുന്ന അമൂല്യവസ്തുക്കൾ രാജപ്രതാപത്തിന്റെ മഹത്വത്തെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. ഈ വലിയ കാഴ്ചക്കിടയിൽ കണ്ട ചെറിയ കാഴ്ച; അതാണ് എന്റെ വിസ്മയക്കാഴ്ച.



കിഴക്കൻ ഡൽഹിയിലെ ശാഹ്ദ്ര എന്ന സ്ഥലത്ത് റെയിൽവെ സ്റ്റേഷനോടു ചേർന്നു കിടക്കുന്ന തിരക്കേറിയ ഒരു മാർക്കറ്റ്. ആ തിരക്കുകൾക്കിടയിൽ റോഡിലൂടെ ഇഴഞ്ഞു വരുന്ന ഒരു യുവാവിനെ കണ്ടു. അവന്റെ കാലുകൾ വള്ളി പോലെയായിരുന്നു. അത് അവൻ എടുത്ത് തന്റെ കഴുത്തിലൂടെ ചുറ്റിയിട്ടിരിക്കുന്നു. ഒരു പലകയിൽ നാലു ചക്രങ്ങൾ പിടിപ്പിച്ച് അതിന്റെ മുകളിൽ ഇരുന്ന ഇഴഞ്ഞു നീങ്ങുകയാണ്. വഞ്ചി തുഴയുന്നതുപോലെ കൈകൾ റോഡിൽ കുത്തി മുമ്പോട്ടു തള്ളിവിടുകയാണ് അവൻ ആ രഥത്തെ. കയ്യിൽ ഇരിക്കുന്ന ഒരു സ്റ്റീൽ തൂക്കുപാത്രം നീട്ടി അവൻ എല്ലാവരോടും സഹായം അഭ്യർത്ഥിച്ചു.

പിറ്റെ ദിവസം രാവിലെ റെയില വേ സ്റ്റേഷനരികിൽ ഞാൻ അവനെ വീണ്ടും കണ്ടുമുട്ടി. കയ്യിൽ സ്റ്റീൽ പാത്രമുണ്ട്, പക്ഷെ അവൻ ആരോടും സഹായം ചോദിച്ചില്ല. വിജനമായ സ്ഥലത്ത് മെട്രോഫില്ലറിന്റെ അരികിലേക്ക് അവൻ ഇഴഞ്ഞു നീങ്ങി. കയ്യിൽ ഇരുന്ന പാത്രം തുറന്നു. ഒരു പിടി പഞ്ചസാര വാരിയെടുത്ത് എന്തോ കുശലം പറഞ്ഞുകൊണ്ട് കൂട്ടമായി മണ്ണിലൂടെ ഇഴഞ്ഞുനീങ്ങുന്ന ഉറുമ്പുകൾക്കു കൊടുത്തു. അവിടെ നിന്ന് ഇഴഞ്ഞുനീങ്ങിയ അവൻ ഉറുമ്പിൻകൂട്ടങ്ങൾക്ക് പഞ്ചസാര വാരിക്കൊടുത്തുകൊണ്ടേയിരുന്നു. പാത്രത്തിലെ പഞ്ചസാര തീർന്നു. കളിച്ചും ചിരിച്ചും ഉറുമ്പുകളോടു കുശലം പറഞ്ഞും ഇരിക്കുന്ന ആ യുവാവിന്റെ മുഖത്ത് അതിരില്ലാത്ത സന്തോഷം അലതല്ലി. മെല്ലെ അവന്റെ അരികിലെത്തിയ ഞാൻ ചോദിച്ചു: ‘ഹേ, ഭായ് നീയെന്താണു ചെയ്യുന്നത്?’ അവൻ പറഞ്ഞു ‘ഉറുമ്പുകൾക്ക് ആഹാരം കൊടുക്കുകയാണ്’. അവൻ തുടർന്നു ‘ഭിക്ഷാടനത്തിലൂടെ ലഭിക്കുന്ന പൈസ ഭക്ഷണത്തിനുമാത്രം എടുത്തിട്ട് ബാക്കി എന്റെ ഉറുമ്പുകൾക്കു ഞാൻ പഞ്ചസാര വാങ്ങും’. ഞാൻ ചോദിച്ചു ‘എത്ര വർഷമായി ഇങ്ങനെ ചെയ്യുന്നു?’. ‘ചെറുപ്പം മുതലേ തുടങ്ങിയതാ’. മണ്ണിലൂടെ ഇഴഞ്ഞു നീങ്ങുന്ന ഉറുമ്പുകളെ നോക്കി അവൻ ഇങ്ങനെ പറഞ്ഞു: ‘ഞാൻ വരാൻ വേണ്ടി അവർ കാത്തിരിക്കും, എല്ലാ ദിവസവും’.

നമ്മുടെ വീടിനരികിൽ, അല്ല സഭയിൽ, സമൂഹത്തിൽ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി കാത്തിരിക്കുന്നവരെ നാം കാണാതെ പോകുന്നുവെങ്കിൽ നമ്മെക്കാളെത്രയോ ശ്രേഷ്ഠനാണ് ഈ ഉറുമ്പിന്റെ കാവൽക്കാരൻ. പാഠങ്ങൾ ഉൾക്കൊള്ളാം. അർഹിക്കുന്നവർക്ക് നന്മ ചെയ്യാം. ആമേൻ.

# സ്പെഷ്യൽ ചട്ണി



സൂസമ്മ കുര്യൻ




**ആവശ്യമുള്ള സാധനങ്ങൾ :-**

1. ചെറുനാരകത്തിന്റെ ഇല - 10 (നടുക്കത്തെ നാര് കളഞ്ഞ് കീറി എടുക്കുക)
2. ഒട്ടും മൂക്കാത്ത വാളൻ പുളിയില - 1/2 കപ്പ് (അമർത്തി അളവ്)
3. ചെറിയ ഉള്ളി - 5
4. ചിരവിയ തേങ്ങ - 1/4 കപ്പ്
5. വറ്റൽ മുളക് - 8-10
6. ഇഞ്ചി - 1 ചെറിയ കഷണം
7. വെളുത്തുള്ളി - 1 അല്ലി
8. വെളിച്ചെണ്ണ - 1 ടേബിൾ സ്പൂൺ

**തയ്യാറാക്കുന്ന വിധം:**

വറ്റൽ മുളക് അല്പം വെളിച്ചെണ്ണയിൽ മൂപ്പിച്ച് എടുക്കുക.
വെളിച്ചെണ്ണ ഒഴികെ ബാക്കി എല്ലാംകൂടി മുളക് ചേർത്ത് അരച്ചെടുക്കുക.
ബാക്കി വെളിച്ചെണ്ണ ഇതിൽ യോജിപ്പിച്ച് ഉപയോഗിക്കുക.

Knowledge Cafe

Jijo Angamaly

# BIBLE QUIZ 21

1. യഹോവയെ അന്വേഷിക്കാത്തവൻ മരണശിക്ഷ അനുഭവിക്കേണ്ടിവരും എന്ന നിയമമുണ്ടാക്കിയ രാജാവ് ?
2. ഏറ്റവും പ്രായം കുറഞ്ഞ പിതാവാര് ?
3. 'മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെ' എന്നെഴുതിയ പ്രവാചകനാര് ?
4. ആമേൻ എന്ന വാക്ക് ആദ്യമായ് വരുന്നത് ഏത് പുസ്തകത്തിൽ ?
5. ഒരിക്കലൊരാൾ ഒരപ്പം സ്വപ്നം കണ്ടു. ഈ അപ്പം എന്തിനെ കാണിക്കുന്നു ?
6. രാജാവടക്കം എട്ടുപേർ ചേർന്ന് യാത്ര അയക്കപ്പെട്ട വ്യക്തിയാര് ?
7. മൂന്നു ദിവസം മാതാപിതാക്കളെ പിരിഞ്ഞിരുന്ന മകൻ ?
8. യേശു ശമര്യയിൽ വച്ച് പറഞ്ഞ പഴഞ്ചൊല്ല് ?
9. ഹോരേബിൽ പണിതുയർത്തിയ യാഗപീഠമേത് ?
10. ലേവ്യരിൽ നിന്ന് ഛേദിച്ചു കളയരുത് എന്ന് പറഞ്ഞിരിക്കുന്ന ഗോത്രമേത് ?

---

1.Which king made a decree to kill those who would not seek the LORD God of Israel ?.

2.Who is the youngest father in the Bible?

3.Which prophet wrote "A man's enemies are the men of his own household"?.

4.In which book we read the word 'Amen' for the first time?

5.Once a man saw one bread in his dream. What does that bread represent?

6.Who was send off by eight , including the king?

7.Name the son who was separated from his parents for three days

8. Which saying did Jesus utter while He was in Samaria?

9.Name the alter built in Horeb

10.Name the tribe which requested not to be cut off from among the Levites.

E-mail : hhgulfnews@gmail.com
Whatsapp : 00973 38383399

ഉത്തരങ്ങൾ ജൂലൈ 31-ന് മുമ്പായി അയക്കുക

Kindly send the answers by 31st July

# PUZZLE 21

## WORD SEARCH

*Your task is to find three words with six clues!*

1. These 3 words are found in one verse
2. It appears twice in the same manner.
3. The first word has 3 letters
4. The second word has 4 letters
5. The last word has 5 letters
6. If you take the first letter of these 3 words, you will get the first word

## WINNERS -20

(Through draw out of correct entries)



**Bible Quiz**
**JISHA SHINU**
*The Full Gospel Church of Philadelphia, Bahrain*



**Puzzle**
**GORDON GODWIN EDACHERIL**
*Ebenezer Brethren Assembly, Bahrain*

## ശരി ഉത്തരങ്ങൾ Issue # 20

### ബൈബിൾ ക്വിസ്

1. എല്യാക്കീം – യെശ. 22: 20–21
2. ശൗലും യോനാഥാനും – 2 ശമു. 21: 7–8
3. അബ്ശാലോം– 2 ശമു. 14: 30
4. യേശു – ലൂക്കോസ് 2: 21
5. എരസ്തൊസ് – റോമ. 16: 23
6. യെഹസ്കേൽ – യെഹ. 33: 32
7. പിശാച് – യോഹ. 8: 44
8. ശിലോഹാം – യോഹ. 9: 7
9. പാപി – യെശ. 65: 20
10. അരാമ്യർ – 2 രാജാ. 6: 18

### Puzzle

1. Pr 6:6 ant,
2. Ps 78:45 flies
3. Mt 23:24 gnat
4. Jg 14:8 bees
5. Ac 12:23 worms
6. Le 11:22 locust
7. Le 11:22 cricket.
8. De 7:20 hornet
9. Ex 16:20 worms
10. 1Sa 24:14 flea
11. Isa 50:9 moth
12. Isa 59:5 spider
13. Le 11:22 grasshopper

**Bible Quiz/Puzzle Terms & Conditions**

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

**ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ**

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
4. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
5. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
6. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
7. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
8. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
9. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
10. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
11. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

## Bible Quiz & Puzzle
## Those who sent correct answers

Issue 20

1. Aanie Abraham, IPC Immanuel
2. Mary Francis, IPC Immanuel
3. Jessy Jacob, AG Bahrain
4. Sheena Jose, COGFG Prayer Fellowship
5. Alice George, The FGC of Suvartha
6. Alice Issac Sunny, CSI Christ Church, Mavelikkara
7. Scici Jaison, New India COG, Aroor, Ernakulam
8. Anie Mathew, COGFG Subhash Nagar, New Delhi
9. Ajeena Dileesh, IPC Bethel
10. Sini Binu, IPC Bethel
11. Manju Nevin, IPC Bethel
12. Nissy Paul Rajan, Brethren Assembly, Salmabad
13. Feba Mariyam Varghese, IPC Dublin, Ireland
14. Jessy Anish, Immanuel Church, KSA
15. Mathew Issac, Wycombe Prayer Centre, High Wycombe
16. Beula Ravi, Gilgal Church of God
17. John K. Paul, IPC Abudhabi
18. Siji Joy, IPC Thekkumbhagam, Thodupuzha
19. Johncy Vesily, IPC PCK, Kuwait
20. ANI Satheesh, IPC Poovathoor, Pullad,PTA

## Bible Quiz only

1. Kunjumol Saji, COGFG Prayer Fellowship
2. Jisha Shinu, The FGC of Philadelphia
3. Anitha Roy, Christ Church international
4. Jibin C. Samuel, Bethesda AG, Vashi, Navi Mumbai

## Puzzle Only

1. Sabitha Sam, COG In India, Alapuzha
2. Daniel Lal, IPC Immanuel
3. Esther Elssa Ani, IPC Immanuel
4. Annie Regi, IPC Immanuel
5. Grace Mary Anil, IPC Immanuel
6. Gordon Godwin Edacheril, Ebenezer Brethren Assembly
7. Suja Daniel, IPC Bethesda
8. Aneeta Ann Saji, IPC Bethesda
9. Bright Tom Anil, IPC Bethesda
10. Bezalel Benny, IPC Bethesda
11. Leji Jibin, IPC Peniel
12. Aaron Santhosh, IPC Peniel
13. Feby Ann John, IPC Peniel
14. Janet K. John, IPC Peniel
15. Nisha Mariam Rinil, IPC Shalom
16. Chris Mathew Aje, IPC Shalom
17. Saniya Biju, IPC Shalom
18. Betsy Mary Biju, IPC Shalom
19. Jemimah Susan Jacob, IPC Shalom
20. Ezekiel Viswas Thomas, AG Bahrain
21. Aneeta Thomas, AG Bahrain
22. Irene Saji Mark, AG Bahrain
23. Kenny Antony Joe, AG Bahrain
24. Tisa Thomson, AG Bahrain
25. Aaron Binu, AG Bahrain
26. Alna Binu, AG Bahrain
27. Dion Biju Daniel, BBA Majlis
28. Irine Jijo.P, BBA Majlis
29. Angel Lovely George, BBA Majlis
30. Aaron Johnson, Ghafool Brethren Assembly
31. Jesvin C. Jaison, Ghafool Brethren Assembly
32. Mansi Berlin, COGFG Prayer Fellowship
33. Joel Jose, COGFG Prayer Fellowship
34. Sajini Brijesh, COGFG Prayer Fellowship
35. Aaron Aju Mathew, COGFG Prayer Fellowship
36. Joshua Jacob, COGFG Prayer Fellowship
37. Elvis Thomas, The COG Kallumala
38. Ansa Shalu, IPC Hebron
39. Joanna Ann George, IPC Hebron
40. Arya Anil, Sharon Fellowship Church
41. Aadarsh Anil, Sharon Fellowship Church
42. Anita Ann John, Sharon Fellowship Church
43. Riya Solomon, Sharon Fellowship Church
44. Rincy Gracy Roy, Sharon Fellowship Church
45. Lintu Sam The FG Church of Suvartha
46. Jeremiah Ivin Mathew, The FGC of Suvartha
47. Blessy Mary Jacob, The FGC of Suvartha
48. Binta Elsa Bobby, Church of Living God
49. Brijil Bobby, Church of Living God
50. Aaron Saju, Church of Living God
51. Manna Susan Kurian, The FGC of Philadelphia
52. Sam Varghese Methrail, The FGC of Philadelphia
53. Feba Minu, IPC Bethel
54. Benita Susan Mathew, IPC Bethel
55. Saira Bindu Mathew, IPC Bethel
56. Blessy Blesson, Indian Revival Assembly
57. Jelin F. Ravi, Gilgal Church of God

# WRITTEN IN THE SCARS



Joel George Jacob

***"Although the world is full of suffering, it is full also of the overcoming of it"***

We are all human beings and we are constantly faced with traumas, pain and suffering that leaves us wondering with just a million questions as to why it happened? And we have no answer most times. We all go through battles, endure sufferings, fight through struggles and cry through pain, and in the end all we have left are the scars, that these fights leave behind. And many are ashamed of the scars, but the beauty lies in embracing it.

Most of us live with scars, inside and out, however our scars manifest, we need not feel ashamed but beautiful. It is beautiful to have lived, really lived, and to have the marks to prove it. It's not a competition, as in "My scar is better than your scar", but it's a testament of our inner strength. Our scars are the proof that we went through pain and struggle and we made it alive. It shows who we are, it tells us that we are strong and that we can endure anything that life throws at us.

We as people living in this world, desire for a greater story than what we are currently living. We desire for something better, something more comfortable than what we have now, and we do everything we can to achieve those. We have that fire waiting to be rekindled by our action and passion, we have the desire to take on the world and to do great things and we do everything we can to do that, but the problem many times is that life has a weird sense of humour.



Struggles, challenges and hard times comes your way but it is there for a reason, it offers you much more value than any other time in your life. You cannot grow without struggle. You cannot get stronger without resistance. Think about a time in your life that may have been hard, but forced you to become better. Be grateful for those, it may have left a scar, but it made you better, stronger, tougher and who you are today, who is a better person than last time.

You were given pain because you are strong enough to handle it. You were given this life because the creator knew you were strong enough to live it. Because you are strong enough to drive through it. So if it is the fear of the scars and the struggle things would leave on you that is stopping you from being better and achieving greatness, then it's time to ignore those. Because your scars tell a story, a story of how you walked through fire and you made it alive and that nothing in the world can stop you.

***Your story is written in your scars!***

# കള്ളന്മാരുടെ ഗുഹ



പാസ്റ്റർ ഡാനിയെൽ കുമ്പളപ്പള്ളിൽ

കള്ളന്മാർ പുരാതനകാലം മുതൽക്കേ സകലരാജ്യങ്ങളിലും ഉണ്ട്, എന്നാൽ മോഷണത്തിന്റെ രീതികൾക്ക് വിത്യാസം വന്നുകൊണ്ടിരിക്കുന്നു, സാദാ കള്ളന്മാർ മുതൽ, ഹൈടെക് കള്ളന്മാരും, ന്യൂജനറേഷൻ കള്ളന്മാരും വരെ നാം കണ്ടുകഴിഞ്ഞു. ആത്മീക ലോകത്തും കള്ളന്മാർ കുറവല്ല. ഏദൻ തോട്ടത്തിൽ ഹവ്വയോട് കള്ളം പറഞ്ഞ സർപ്പം മുതൽ വെളിപ്പാടുപുസ്തകത്തിലെ കള്ളപ്രവാചകൻ വരെ ദൈവജനത്തേയും, ശുശ്രൂഷകരേയും, ദൈവസഭയേയും നശിപ്പിക്കുവാൻ കച്ചകെട്ടി ഇറങ്ങിത്തിരിച്ചിരിക്കുന്ന കള്ളന്മാർ വളരെയാണു. കർത്താവായ യേശുക്രിസ്തു യോഹന്നാന്റെ സുവിശേഷം 10:10 ൽ ഇങ്ങനെ പറയുന്നു മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. കർത്താവ് ഒരു മുന്നറിയിപ്പാണ്ണ് ഇവിടെ തന്നിരിക്കുന്നത്. കള്ളൻ വരുവാനുള്ള സാധ്യത തള്ളിക്കളഞ്ഞ് ജീവിക്കരുത്, പകരം കള്ളൻ വരുന്നത് തിരിച്ചറിയുവാനും, മോഷ ണം നടത്താതവണ്ണം അവന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തുവാനും ദൈവജനത്തിനു കഴിയണം.

## ആരാണു കള്ളൻ

കള്ളൻ എന്ന് കേൾക്കുമ്പോഴേ നാം പിശാചിന്റെ നേരേ വിരൽ ചൂണ്ടും, അത് ശരിയാണ്, എന്നാൽ സാത്താൻ തന്റെ വ്യാപാരശക്തിയാൽ മനുഷ്യരെ സ്വാധിനിച്ച് തനിക്കിഷ്ടമുള്ളത് ചെയ്യുവാൻ പ്രേരിപ്പിക്കുകയത്രെ ചെയ്യുന്നത്. യേശുക്രിസ്തു പറഞ്ഞത് എനിക്ക് മുൻപേ വന്നവർ ഒക്കേയും കള്ളന്മാരും കവർച്ചക്കാരും അത്രെ,(യോഹന്നാൻ 10:8) അതായത് തനിക്കു മുൻപേ വന്ന ആളുകളെ അത്രെ യേശു ഉദ്ദേശിച്ചതു എന്ന് വ്യക്തം. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു, യെരുശലേം ദേവാലയത്തിൽ ചെന്ന യേശു അവിടെ വിൽക്കുന്നവരേയും വാങ്ങുന്നവരേയും എല്ലാം പുറത്താക്കി, പൊൻവാണിഭക്കാരുടേയും, പ്രാക്കളെ വിൽക്കുന്നവരുടേയും മേശകളെ മറിച്ചു കളഞ്ഞു ശേഷം യേശു അവരോടു പറയുന്നു എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു. (മത്താ :21-12,13) പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും,

ആത്മീകകാര്യങ്ങൾക്കും സ്ഥാപിച്ച ആലയം ഇപ്പോൾ കച്ചവടസ്ഥലമായി മാറി, അവിടെ ആത്മീക കാര്യങ്ങൾ ചെയ്യുവാൻ നിയമിക്കപ്പെടവർ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു. ഇവിടെ ആരാണു കള്ളന്മാർ ? . ആത്മിക നേതൃത്വത്തിലുള്ളവർ തന്നെ. മഹാപുരോഹിതനമാർ, ലേവ്യർ മുതലായ അന്നത്തെ ആത്മീക നേതൃത്വത്തോടാണു യേശു സംസാരിക്കുന്നത്. ഈ കാലഘട്ടത്തിലും നാം പ്രാർത്ഥനയ്ക്കും, ആരാധനയ്ക്കും, ആത്മീകവർധനവിനും കടന്നു ചെല്ലുന്ന പുതിയനിയമ ദൈവസഭകളിൽ ചിലതെങ്കിലും കച്ചവടസ്ഥലങ്ങളാക്കി മാറ്റുവാനുള്ള പൈശചിക പദ്ധതികളെ ദൈവജനവും, ശുശ്രൂഷകന്മാരും തിരിച്ചറിയാതെ പോകരുത്. പുതിയനിയമത്തിൽ പരിശുധാത്മാവ് നമുക്ക് പരിചയപ്പെടുത്തുന്ന ഒന്നു രണ്ട് കള്ളന്മാരെക്കൂടെ പരിചയപ്പെടുത്തട്ടെ.

1) എഫേസോസ് സഭയിൽ അപ്പോസ്ഥലന്മാർ എന്നു പറഞ്ഞു വന്നവരെ പരീക്ഷിച്ച് കള്ളന്മാർ എന്നു കണ്ടു.(വെളിപ്പാട്-2:2)

2) യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ കള്ളൻ ആകുന്നു (1 യോഹ 2:22)

## കള്ളൻ വരുന്ന വഴി

യേശു പറഞ്ഞു ആട്ടിൻ തൊഴിത്തിൻ വാതിലിലൂടെയല്ലാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനുമാകുന്നു (യോഹന്നാൻ 10.1). ദൈവജനത്തെ ശുശ്രൂഷിക്കുവാൻ എന്ന വ്യാജേന ദൈവസഭകളിലൂടെയല്ലതെയും, ഇടയന്മാർ അറിയാതെയും വരുന്ന ആത്മീക ശുശ്രൂഷകന്മാർ മുഖേന വിശ്വാസികളുടെ ജീവിതത്തിൽ മോഷണം നടക്കുന്നു. ആത്മീകമായും, മാനസീകമായും, ശാരീരികമായും, സാമ്പത്തീകമായും മോഷ്ടിക്കുവാനും, അറുക്കുവാനും, മുടിക്കുവാനും ഉള്ള പൈശാചിക പദ്ധതികളെ മുളയിലേ നുള്ളിക്കളയുവാൻ വിശ്വാസികൾക്ക് സാധിക്കണം.

## കള്ളനെ തടയുവാൻ....

യേശു പറഞ്ഞതുപോലെ നാമാകുന്ന മന്ദിരങ്ങൾ പ്രാർത്ഥനാലയങ്ങൾ ആകുന്നു എങ്കിൽ കള്ളന്റെ വരവ് മുന്നമെ അറിയുവാൻ സാധിക്കും,(മത്താ :21-13) ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുന്ന വിശ്വാസികൾ സാത്താന്യ ശക്തികളെ പ്രധിരോധിക്കുന്ന മതിലുകളാകുന്നു. മറ്റൊന്ന് കർത്താവിന്റെ ശബ്ദം കേട്ട് അനുഗമിക്കുന്നവർ - ഠയാഹന്നാൻ 10:3 ൽ പറയുന്നതു പോലെ ദൈവശബ്ദം കേട്ട് അവനെ അനുഗമിക്കുന്നർ, അതായത് ദൈവ വചനത്തിന്റെ പുതിയ നിയമ ഉപദേശങ്ങളെ ഗ്രഹിച്ച് വിശ്വാസത്താൽ അവയെ ജീവിതത്തിന്റെ മേഖലകളിൽ ദിനം തോറും പ്രായോഗികമാക്കുന്നവർക്ക് സാത്താന്യപദ്ധതികളെ തടയുവാൻ സാധിക്കും.

## സമൃദ്ധമായ ജീവൻ

ആടുകളുടെ നല്ല ഇടയനായ യേശു വന്നത് ജീവൻ തരുവാനും, സമൃദ്ധമായ ജീവൻ തരുവാനും ആകുന്നു, ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിൽ നിന്നും സാത്തൻ നമ്മെ അപഹരിച്ചു കൊണ്ടു പോയോ അവിടേക്കെല്ലാം ക്രിസ്തുശുവിലൂടെയുള്ള സമൃദ്ധമായ ജീവനെ വിശാസത്താൽ പ്രാപിക്കുവാൻ സർവശക്തനായ ദൈവം ക്രിസ്തു യേശു മുഖാന്തിരം നിങ്ങളെ സഹായിക്കുമാറാകട്ടെ.

## KRAISTHAVA EZHUTHUPURA BAHRAIN CHAPTER BIBLE COLOURING COMPETITION - June 2019














# വ്യക്തിപരമായ സുവിശേഷവേല

– ഭാഗം 2



**തോമസ് തോമസ്**

***സുവിശേഷകൻ:***
(Evangelist)

പ്രഘോഷകനും, പ്രവാചകനും, ഉപദേഷ്ടാവും, അഭിഷിക്തനും, ഇടയനും, സ്ഥാനാപതിയും, അപ്പൊസ്തൊലനും എല്ലാമാണ് സുവിശേഷകൻ. ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തൊലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു (2 തിമൊ.1:11) എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു.

നിങ്ങളൊ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു (1 പത്രൊ.2:9).



***ആരാണ് സുവിശേഷകൻ:-***

സുവിശേഷം, പ്രത്യുത യേശുക്രിസ്തുവിനെ അംഗീകരിച്ച് അനുസരിച്ച് അനുഭവിച്ച് വാക്കിലും പ്രവൃത്തിയിലും ജീവിതത്തിലും സുവിശേഷം അഥവാ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവൻ -പ്രസംഗിക്കുന്നവനാണ് സുവിശേഷകൻ. എന്നുവെച്ചാൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും പാപപരിഹാര ബലിമരണത്തിലും ഉയർത്തെഴുന്നേൽപ്പിലും ദൈവത്വത്തിലും വിശ്വസിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞ് പാപത്തേയും പാപവഴികളേയും പാപസ്വഭാവത്തേയും ഉപേക്ഷിച്ച് ദൈവത്തോട് സമാധാനത്തിനും നിരപ്പിനും വേണ്ടി അപേക്ഷിച്ച് തന്നെത്താൻ ദൈവഹിതപ്രകാരം ഏല്പിച്ച് കൊടുക്കുന്നവനാണ് യഥാർത്ഥ ദൈവപൈതൽ. വീണ്ടും ജനിച്ച ഏതൊരുവനും ദൈവപൈതൽ എന്ന അവകാശത്തിന് യോഗ്യനാണ്. അപ്രകാരം വീണ്ടും ജനിച്ച ഏതൊരു വ്യക്തിയും സുവിശേഷകൻ ആയിരിക്കേണം എന്നു ദൈവം ആഗ്രഹിക്കുന്നു (1 പത്രൊ. 1:19,23, റോമ. 8:14-17). സുവിശേഷകൻ ജീവിതത്തിന്റെ ഏതു അവസരത്തിലും അവസ്ഥയിലും എല്ലാ തുറയിലും ക്രിസ്തുയേശുവിനെ വെളിപ്പെടുത്തുന്നവൻ ആയിരിക്കേണം.

***യോഗ്യതകൾ:***

1. പ്രഥമവും പ്രധാനവുമായ യോഗ്യത വീണ്ടും ജനിച്ചവൻ ആയിരിക്കേണം –

വീണ്ടും ജനിക്കാത്തവർ സുവിശേഷം പ്രസംഗിക്കുന്നതും പ്രചരിപ്പിക്കുന്നതും നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ഒരു പക്ഷെ സുവിശേഷം നിമിത്തം ചിലർ കർത്താവിന്റെ രാജ്യത്തിൽ കണ്ടേക്കാം. എന്നാൽ വീണ്ടും ജനിക്കാത്ത സുവിശേഷകൻ സ്വർഗ്ഗരാജ്യത്തിൽ ഉണ്ടായിരിക്കില്ല. ഉദാ. അപ്പൊ.16:17.

2. അനുസരണമുള്ളവൻ ആയിരിക്കേണം – 2 കൊരി. 10:8

a. ദൈവത്തെ അനുസരിക്കുന്നവൻ ആയിരിക്കേണം – 2 കൊരി. 10:6

b. ദൈവാത്മാവിനെ അനുസരിക്കുന്നവൻ ആയിരിക്കേണം – അപ്പൊ. 16:6-10

c. ദൈവദാസന്മാരെ അനുസരിക്കുന്നവർ ആയിരിക്കേണം – 1 തിമൊ. 4:10-16

***എങ്ങനെ അനുസരിക്കേണം ?***

യേശുക്രിസ്തു ദൈവത്തെ (പിതാവിനെ) അനുസരിച്ചതു പോലെ, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നതുപോലെ (ഫിലി.2:8)

3. കീഴ്പ്പെടുന്നവൻ ആയിരിക്കേണം

a. ദൈവത്തിനു കീഴ്പ്പെടുന്നവൻ – യാക്കോ. 4:7

യ. നടത്തുന്നവർക്കു കീഴ്പ്പെടുന്നവൻ – എബ്രാ. 13:17

c. ശ്രേഷ്ഠാധികാരികൾക്കു (ദൈവാധികാരങ്ങൾക്ക് കീഴ്പ്പെടുന്നവൻ) – റോമ. 13:1-7

d. സകല മനുഷ്യനിയമത്തിനും കർത്താവിൻ നിമിത്തം കീഴ്പ്പെടുന്നവൻ – 1 പത്രോ. 2:13

e. മൂർഖന്മാർക്ക് കീഴ്പ്പെടുന്നവൻ – വേലക്കാരെ, പൂർണ്ണഭയത്തോടെ യജമാനന്മാർക്കും നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല മൂർഖന്മാർക്കും കീഴടങ്ങിയിരിക്കേണം (1 പത്രൊ. 2:19)

f. തമ്മിൽ തമ്മിൽ കീഴടങ്ങിയിരിക്കേണം – 1 പത്രൊ. 5:5

4. വിശുദ്ധജീവിതം ഉള്ളവർ ആയിരിക്കേണം – 1 പത്രൊ. 1:14-16, 3:14, 2 പത്രൊ. 3:12

5. പരിശുദ്ധാത്മാവ് നിറഞ്ഞവർ ആയിരിക്കേണം – യോഹ. 15:26-27, അപ്പൊ. 1:8, റോമ. 8:14

6. നല്ലസാക്ഷ്യം ഉള്ളവർ ആയിരിക്കേണം – 2 തിമൊ.2:2, 2 കൊരി.4:2, 2:15

7. മാതൃകയുള്ളവൻ ആയിരിക്കേണം – 1 തിമൊ.4:12, എബ്രാ.13:7, 1 പത്രൊ.2:21, 1 കൊരി. 11:1

8. ഫലമുള്ളവൻ ആയിരിക്കേണം (ദൈവത്തിനും മനുഷ്യർക്കും) – യോഹ. 15:8, ഗലാ.5:22

ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവസ്നേഹവും നിറഞ്ഞു കഴിയുമ്പോൾ പ്രത്യാശയോടുകൂടി പ്രവർത്തിക്കുന്നവനും പ്രഘോഷിക്കുന്നവനും ശുശ്രൂഷിക്കുന്നവനും ആയിരിക്കേണം എന്നു ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു (കൊലോ.1:5, 1 തെസ്സ.1:3, തീത്തോ.1:1).

***നാം ആരാണ് അറിഞ്ഞിരിക്കണം***
(Remembering our christain identity).

1. നാം ദൈവത്തിന്റെ മക്കളാണ് (Children of God) യോഹ.1:12, റോമ.8:1

2. ദൈവത്തിന്റെ അവകാശമാണ് (Heirs of God) റോമ.8:17

3. ദൈവത്തിന്റെ സ്നേഹിതനാണ് (Friend of God) - യോഹ.15:15

4. ദൈവത്തിന്റെ (ക്രസിതുവിന്റെ) സ്ഥാനാപതികളാണ് (Ambassador of Christ)
2 കൊരി.5:20

5. ലോകത്തിൽ പ്രവാസികളും പരദേശികളും (More than Conquerors) 1പത്രോ.1:1,17, 2:1

6. യേശുക്രിസ്തുവിന്റെ ദാസൻ (Slave of Christ) റോമ.1:2

7. ലോകത്തിൽ നിന്നും എടുക്കപ്പെട്ടവരാകുന്നു – യോഹ.17:10-20

8. ക്രിസ്തുവിന്റെ പത്രങ്ങളാണ് – 2 കൊരി.3:3

9. നാം ലോകക്കാർ അല്ല എന്നു അറിഞ്ഞിരിക്കേണം.

***അടിസ്ഥാനം***
(Basics)

1. യേശുക്രിസ്തുവിനെ അനുഗമിച്ച് അവന്റെ കൂട്ടായ്മയിൽ നടന്ന് അവന്റെ വചനം പ്രസംഗിക്കുന്നവൻ ആയിരിക്കേണം – മത്താ.4:19, 1 കൊരി.1:9, 2 തിമൊ.4:2

2. പരിശുദ്ധാത്മാവിനാൽ അത്രെ ഇത് സമ്പാദിക്കുന്നത്. നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (അപ്പൊ.1:8).

സ്വജീവിതത്തിലും സ്വഭവനത്തിലും സ്വന്ത ദേശത്തും എല്ലായിടത്തും സമീപ പ്രദേശങ്ങളിലും സുവിശേഷത്തിനു സാക്ഷികൾ ആയിട്ട് ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ ആകുവാനാണ് കർത്താവ് കല്പിച്ചത്. സുവിശേഷത്തിനു വേണ്ടി അടരാടിയ അനേക വിശുദ്ധന്മാരും ജീവത്യാഗം ചെയ്യപ്പെട്ട മിഷണറി വീരന്മാരും അപ്രകാരം ആയിരുന്നു എന്നു ചരിത്രം തെളിയിക്കുന്നു.


## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**V M George (88)**
Vilayil Kizhakethil, Njakkucave
Konni

Father of Sis. Jolly Samkutty
(Sharon Fellowship Church, Bahrain)



**SANTHAMMA VARGHESE (72)**
Mulamcheruvil Jiji Bhavan
Adoor-Nilamel

Mother of
Bro. Jiji Varghese (Saudi Arabia)
& Sis. Jisha

ചർച്ച് ഓഫ് ഗോഡ്
(ഫുൾ ഗോസ്പൽ) ഇൻ ബഹ്റിൻ
സഭയുടെ ശുശ്രൂഷകനായി
നിയമിതനായ
**പാസ്റ്റർ ബിജു ഫിലിപ്പ്,**
എറണാകുളം




BMCC
BAHRAIN MALAYALEE CHRISTIAN CONGREGATION

7th Kerala Sangamam



AT CENTRAL CHAPEL
ST. THOMAS EVANGELICAL CHURCH OF INDIA
MANJADI, THIRUVALLA

On Tuesday
13th August 2019
9:00 am

For further information
Email: bmcckeralasangamam@gmail.com


HH Rhythm

# ENTHRALLED



Ruby Thomas

O Master Artist, you enthrall us with your talent,
Your skills beyond measure, Your works ever blatant,
Can we imagine the colors on the palette while You painted,
On the canvas of the universe; with such depth and detail?

We are captivated by each fleeting dawn and dusk,
When warm colors blend and sets the sky ablaze,
Bringing forth the mysterious highlights and shadows,
Both on land and sea, as a feast for our eye bestows.

Alas, no artist, however skillful, can fully replicate,
The beauty of nature or a single flower so delicate,
The layered petals in beautiful shapes and hues,
Whether bright colored or pastel, from bud to bloom.

O how did you master the shades of the midnight sky,
The sandy shores, intricate shells and the glorious tides,
The perfect spots on a leopard and the tiger's stripes,
The strokes of color on the birds, their feathers so precise?

Through these we capture only but just,
A glimpse of the beauty of the Master Artist,
As He opens our eyes; His wonders to behold,
And with His portraits; to be forever enthralled.


SHARON SUNDAY SCHOOL
SEGAYA, KINGDOM OF BAHRAIN
SHARON FELLOWSHIP CHURCH Kingdom of Bahrain

the Parables of Jesus

SUMMER VACATION CLASSES
2019

Every Friday 9.30am -11.30am
at Sharon Fellowship Church, Kingdom of Bahrain
from 12th July- 30th August.

For more details:
Br. Bijo E Kurien: 36560069
Br. Ben Mony: 39244669
Pr. P C Varghese: 39922452


HH

സ്ഥലപരിമിതി മൂലം
വളരെയധികം
ലേഖനങ്ങളും
മറ്റ് രചനകളും
ഈ ലക്കത്തിലും
ചേർക്കാൻ കഴിയാതെ
പോയതിൽ
ഖേദിക്കുന്നു.

നിങ്ങളുടെ
അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും
ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399

HH Inbox


ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

Contact:
+973 33552886



HH STEERING

Managing & Responsible Editor: Dr. Cherian Mathews, Chief Editor: Rajeev Stuvert, Creative Editor: Georgekutty Sebastian
Correspondents: Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew, Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative
PHOENIX MARKETING & CREATIONS W L L

P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com